# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

## കാടുകുറ്റി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2023-2024**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തൃശ്ശൂർ – 680020**

**ഇ-മെയിൽ: dotsr.ksad@kerala.gov.in**
**ഫോൺ : 0487-2331249**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. ടി.എസ്.ആർ (പി-4)1331/2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയതി: 08/11/2024
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാടുകുറ്റി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തൃശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ. ടി.എസ്.ആർ (പി-4)1331/2024 തീയ്യതി: 08/11/2024

## തൃശൂർ ജില്ലയിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശൂർ ജില്ലയിലെ കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 04-09-2023 മുതൽ 22-08-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2023 മുതൽ 31-03-2024 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 30 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 03-09-2024 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

### ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റഫി ജോൺ | ഡെപ്യൂട്ടി ഡയറക്ടർ | 23-08-2024 | 03-09-2024 |

### ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 23-08-2024 | 03-09-2024 |

### ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. ജോഷി സി.ജെ, ഓഡിറ്റ് ഓഫീസർ

ശ്രീമതി. സോന.കെ.സത്യൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീമതി.ധന്യ ദിലീപ്, ഓഡിറ്റർ

ശ്രീ. കൃഷ്ണരാഹുൽ. എം.ടി, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| പ്രിൻസി ഫ്രാൻസിസ് | പ്രസിഡന്റ് | 01-04-2023 | 31-03-2024 |
| സിജോ കരേടൻ | സെക്രട്ടറി | 01-04-2023 | 19-12-2023 |
| ബിന്ദു ഐ.എസ് | സെക്രട്ടറി | 20-12-2023 | 31-03-2024 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ഡോണ സ്കറിയ | കൃഷി ഓഫീസർ | 01-04-2023 | 29-04-2023 |
| അശ്വതി ജി.പ്രസാദ് | കൃഷി ഓഫീസർ | 30-04-2023 | 29-10-2023 |
| ഡോണ സ്കറിയ | കൃഷി ഓഫീസർ | 30-10-2023 | 31-03-2024 |
| നിലൂഫർ എം.ബാനു | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2023 | 31-03-2024 |
| രേഖ എൻ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2023 | 31-08-2023 |
| സിനി ചന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-09-2023 | 31-03-2024 |
| അബിലാഷ് പി.എസ് | വെറ്ററിനറി സർജ്ജൻ | 01-04-2023 | 31-03-2024 |
| ജിബിന എം.എം | ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| ഉഷ പി.ആർ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2023 | 31-03-2024 |
| ബിന്ദു ആന്റണി | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2023 | 31-03-2024 |
| ആൽവിൻ പി.വി | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2023 | 31-03-2024 |
| രാഗി ഏണസ്റ്റ് | വി ഇ ഒ (വൈന്തല സർക്കിൾ) | 01-04-2023 | 31-03-2024 |
| രജില പി.ആർ | വി ഇ ഒ (കാടുകുറ്റി സർക്കിൾ) | 01-04-2023 | 08-09-2023 |
| രാഗി എം.യു | വി ഇ ഒ (കാടുകുറ്റി സർക്കിൾ) | 09-09-2023 | 27-10-2023 |
| ബിന്ദു കെ.ബി | വി ഇ ഒ (കാടുകുറ്റി സർക്കിൾ) | 28-10-2023 | 31-03-2024 |
| ഡോ.ദീപ്തി രാജു | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 01-04-2023 | 17-11-2023 |
| ഡോ.സിജി | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | 18-11-2023 | 31-03-2024 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-2 |
| 4 | ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം - വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-5 |
| 7 | വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ - വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തു നികുതി കുടിശ്ശിക നോൺ-റെസിഡൻഷ്യൽ - വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല | 1-1-8 |
| 10 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-9 |
| 11 | സ്റ്റോക്ക് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | ഡെപ്പോസിറ്റ് തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു | 1-1-11 |
| 13 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-12 |
| 14 | വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി | 1-1-13 |
| 15 | ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും അക്രൂവൽ അടിസ്ഥാനത്തിലുള്ള വാടക വരുമാനങ്ങളിൽ സൂക്ഷിക്കുന്നില്ല | 1-1-14 |
| 16 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-15 |
| 17 | മുൻകൂർ ലഭിച്ച വസ്തുനികുതിയിയേക്കാൾ കൂടുതൽ തുക ഈ സാമ്പത്തിക വർഷം ക്രമീകരിച്ചു | 1-1-16 |
| 18 | പ്രൊവിഷൻ രേഖപ്പെടുത്തിയില്ല | 1-1-17 |
| 19 | Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല | 1-1-18 |
| 20 | അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി | 1-1-19 |
| 21 | മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നു | 1-1-20 |
| 22 | അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി | 1-1-21 |
| 23 | ബജറ്റ് | 1-2 |
| 24 | ഫണ്ട് വിനിയോഗം | 1-3 |
| 25 | പദ്ധതി അവലോകനം | 1-4 |
| 26 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 27 | ക്ഷേമപദ്ധതികൾ | 1-6 |
| 28 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 29 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 30 | സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-9 |
| 31 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 1-10 |
| 32 | ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11-1 |
| 33 | രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11-2 |
| 34 | രജിസ്ട്രേഷൻ/ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-11 |

| | | |
|---|---|---|
| 35 | ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-12 |
| 36 | ലേലം - നിയമവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല | 1-13-1 |
| 37 | സമയബന്ധിതമായി ലേലം നടത്തുന്നില്ല | 1-13-2 |
| 38 | വസ്തുനികുതി -മേഖലാ നിർണയത്തിലെ അപാകങ്ങൾ | 1-14 |
| 39 | പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ് | 1-15 |
| 40 | കെട്ടിടങ്ങളുടെ ക്രമവത്ക്കരണം -തുടർനടപടികൾ സ്വീകരിച്ചില്ല | 1-16 |
| 41 | ഒരേ ഇൻവോയ്സ് പ്രകാരം രണ്ട് തവണ തുക നൽകി | 1-17 |
| 42 | പെയിൻ &പാലിയേറ്റീവ് -അപാകതകൾ | 1-18 |
| 43 | മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല | 1-19 |
| 44 | ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്ക് മുൻകൂർ തുക- പ്രവൃത്തി ആരംഭിച്ചിട്ടില്ല | 1-20 |
| 45 | ഹോമിയോ മരുന്ന് ലഭ്യമായില്ല | 1-21 |
| 46 | ആറങ്ങാലി ഫെസ്ററ് - അനുമതി വിവരം ലഭ്യമാക്കേണ്ടതാണ് | 1-22 |
| 47 | ലൈഫ് മിഷൻ വായ്പ -ആകെ ലഭ്യമായ തുകയേക്കാൾ അധിക തുക തിരിച്ചടച്ചു | 1-23 |
| 48 | മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കിയില്ല | 1-24 |
| 49 | ലൈഫ് ഭവനനിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല | 1-25 |
| 50 | വെബ് സാംഖ്യ സോഫ്റ്റ്‌വെയറിന്റെ അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു | 1-26 |
| 51 | വില്ലേജോഫീസിന്റെ കറന്റ് ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കുന്നു | 1-27 |
| 52 | ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം- പോരായ്മകൾ | 1-28 |
| 53 | എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതിലെ അപാകത – കരാറുകാരന് കൂടുതൽ തുകയനുവദിച്ചു. | 1-29 |
| 54 | മരാമത്ത് പണി-താഴ്ന്ന നിരക്കിലുള്ള ടെണ്ടറുകൾ റദ്ദുചെയ്ത് റീ ടെണ്ടർ നടത്തി- പഞ്ചായത്ത് ഫണ്ടിന് 3,57,601 രൂപ നഷ്ടം | 1-30 |
| 55 | മാലിന്യസംസ്കരണം-ഹരിതകർമ്മസേനയുടെ പ്രവർത്തനാവലോകനം | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | മരാമത്ത് പണി-താഴ്ന്ന നിരക്കിലുള്ള ടെണ്ടറുകൾ റദ്ദുചെയ്ത് റീ ടെണ്ടർ നടത്തി - പഞ്ചായത്ത് ഫണ്ടിന് 3,57,601 രൂപ നഷ്ടം | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്കുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷിക കണക്കുകളുടെ സംക്ഷിപ്തം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് കാടുകുറ്റി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 22.05.2024-ലെ 2/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 12.07.2024 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2024 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2024 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

### വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2023-24 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം: തൃശ്ശൂർ**

**തീയതി : 08.11.2024**

**ഡെപ്യൂട്ടി ഡയറക്ടർ**

## 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല

വാർഷിക ധനകാര്യ പത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-2 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും, പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2023-24 കാലയളവിലെ "Net Increase In Cash And Cash Equivents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 6879146/ രൂപയാണ്. എന്നാൽ ഇതെ പത്രികയിൽ 2023-24 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് -46,34,877 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-3 ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വ്യാപാര വ്യവസായ സംരഭക ലൈസൻസ് വരുമാന ഇനത്തിൽ മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ ആയത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

| വരുമാനം | മുൻകൂർ ശീർഷകം | 31/3/2024-ലെ മുൻകൂർ തുക |
|---|---|---|
| വ്യാപാര വ്യവസായ സംരഭക രജിസ്റ്റർ | 350410301-Advance Collection Of Revenues-Licence Fees For Dangerous And Offensive Trades | 1,89,000 |

## 1-1-4 വസ്തു നികുതി തൻവർഷം റെസിഡൻഷ്യൽ-വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

**തൻവർഷം – റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 32,32,843 | 32,03,878 | 15,051 | 17780 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 32,32,843 | 31,90,034 | 15,051 | 18679*100/105 = 17790 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410101-Advance Collection-PT On Res. Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1.കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2.വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയ സോഫ്റ്റ്‌വെയറിലും വാർഷികകണക്കിലും കണക്കാക്കപ്പെടുന്നില്ല.

## 1-1-5 വസ്തു നികുതി നോൺ-റെസിഡൻഷ്യൽ തൻവർഷം - വാർഷികകണക്കും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

**തൻവർഷം നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | മുൻകൂർ ക്രമീകരിച്ചത് | ബാക്കി |
|---|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 28,86,649 | 28,20,417 | 9207 | 61,165 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 28,86,649 | 26,86,654 | 9207 | 64231*100/105 = 61,172 |
| | (ഇൻകം &എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ ഐ-1) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | ( 350410104- Advance Collection-PT On NR Bldg-ന്റെ ലെഡ്ജർ) | *( /105X100)= (ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15)ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. കളക്ഷൻ തുക വ്യത്യാസപ്പെട്ടിരിക്കുന്നു

2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല

## 1-1-6 വസ്തു നികുതി കുടിശ്ശിക റെസിഡൻഷ്യൽ - വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

**കുടിശ്ശിക – റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 18498 | 9601 | 8902 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | (2359+6992)*100/105 = 8905.71 | 9981 | 9351*100/105 = 8902 |
| | *(2022-23-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (+=/105*100=) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | *(ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) (/105X100)= ചെറിയ തുക വ്യത്യാസം, റൗണ്ട് ഓഫ് തുകയായി പരിഗണിച്ച് സഞ്ചയയിലെ തുക എടുക്കുന്നു |

1. ഡിമാന്റ്, കളക്ഷൻ തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നു
2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് -(കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മെന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുക സഞ്ചയസോഫ്റ്റ്‌വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല
3. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ വാർഷികകണക്ക് പ്രകാരമുള്ള ഡിമാന്റ് തുകയേക്കാൾ കൂടുതൽ കുടിശ്ശിക വരവ് കാണുന്നു.

## 1-1-7 വസ്തു നികുതി കുടിശ്ശിക നോൺ-റെസിഡൻഷ്യൽ - വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

**കുടിശ്ശിക – നോൺ-റെസിഡൻഷ്യൽ**

| | ഡിമാന്റ് | കളക്ഷൻ | ബാക്കി |
|---|---|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2,46,472 | 1,29,427 | 1,17,053 |
| | | | |

| | | | |
|---|---|---|---|
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | ( 54102 + 2,04,331 ) *100/105 = 2,46,126.67 | 1,38,442 | 122924*100/105 = 1,17,070 |
| | (2023-24-ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) *(/105*100=) | (റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) | |

1. ഡിമാന്റ്, കളക്ഷൻ തുകകൾ എന്നിവ വ്യത്യാസപ്പെട്ടിരിക്കുന്നു
2. വർഷാന്ത്യ സംക്ഷിപ്ത തുകകളിൽ നീക്കിയിരിപ്പ് കണക്കാക്കുന്നതിൽ ഗണിതക്രിയയിൽ തന്നെ വ്യത്യാസം വന്നതായി കാണുന്നു. ഡിമാന്റ് – (കളക്ഷൻ+ ബുക്ക് അഡ്ജസ്റ്റ്മന്റ്) = ബാക്കി എന്ന രീതിയിൽ കൃത്യമായ ബാക്കി തുകസഞ്ചയസോഫ്റ്റ്വെയറിലും വാർഷികകണക്കിലുംകണക്കാക്കപ്പെടുന്നില്ല.

## 1-1-8 ലൈബ്രറി സെസ്സ്- വാർഷിക കണക്കും രജിസ്റ്ററും പൊരുത്തമില്ല

തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 3,04,855 രൂപയും (RP 35) സഞ്ചയ സോഫ്റ്റ്വെയർ പ്രകാരം 3,13,057 രൂപയുമാണ് (1,48,571 + 1,64,486). ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന “431910101 State Govt Cesses/Levies In Property Tax Control Account” എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 3,12,204 രൂപയാണ്. (വൗച്ചർ 42301873, 42301873, 42301874, 42301874, 42301875/തീ.31.03.2024 ( 173,805 + 271,536 – 9,981 – 2,933 – 120,223 = 3,12,204 )).

## 1-1-9 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തര നിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024). ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)
B. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)
C. വ്യാപാര വ്യവസായ സംരഭക ലൈസൻസ് ഡിമാന്റ് രജിസ്റ്റർ
D. വാടക ഡിമാന്റ് രജിസ്റ്റർ
E. ഓഡിറ്റോറിയം/ഹാൾ വാടക രജിസ്റ്റർ
F. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ
G. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

## 1-1-10 സ്റ്റോക്ക് രജിസ്റ്റർ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല

A) സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള 31.03.2024 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-14 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പടുന്നില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 31/3/2024-ലെ നീക്കിയിരിപ്പ് | ബാലൻസ് ഷീറ്റ് ഷെഡ്യൂൾ B-14 (430100103) പ്രകാരം 31/3/2024-ലെ നീക്കിയിരിപ്പ് |
|---|---|
| 1,88,299.92 | 1,35,964 |

B) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ആയി 1,35,964/- രൂപയുടെ ക്ലോസിങ് സ്റ്റോക്കും സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 1,88,299.92/- രൂപയുടെ ക്ലോസിങ് സ്റ്റോക്കും കാണുന്നുണ്ട്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്കിന്റെ വർഷാന്ത്യ മൂല്യം കണക്കാക്കി എഴുതുന്നുണ്ട്. എന്നാൽ സാധനങ്ങൾ സ്റ്റോക്കിലെടുക്കുമ്പോൾ ആയതിന്റെ എണ്ണം മാത്രമേ രേഖപ്പെടുത്തുന്നുള്ളു. വില രേഖപ്പെടുത്തുന്നില്ല. ആയതിനാൽ വർഷാന്ത്യ മൂല്യം കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ കഴിയുന്നില്ല. സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തിയിട്ടില്ല. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 58,4(എ))(ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024 )

## 1-1-11 ഡെപ്പോസിറ്റ് തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു

A) ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള 31.03.2024 ലെ നീക്കിയിരിപ്പ് തുക ബാലൻസ്ഷീറ്റ്, ഷെഡ്യൂൾ B-7 പ്രകാരമുള്ള നീക്കിയിരിപ്പുമായി പൊരുത്തപ്പടുന്നുണ്ടെങ്കിലും അവയുടെ കൃത്യത പരിശോധിക്കാനാകുന്നവിധമല്ല രജിസ്റ്റർ പരിപാലിച്ചിട്ടുള്ളത്. അഞ്ചും ആറും വർഷങ്ങൾക്കു മുമ്പുള്ള ഡെപ്പോസിറ്റുകളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. പകരം അകെമൊത്തത്തിലുള്ള

മുന്നിരിപ്പ് തുക ഒറ്റത്തവണയായി എൻട്രി വരുത്തിയാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ആയതിനാൽ അക്കൗണ്ട്സിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത പരിശോധിക്കാനാകുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡെപ്പോസിറ്റ് ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് തുക | മുന്നിരിപ്പ് തുക കാണിച്ചിട്ടുള്ള സാമ്പത്തിക വർഷം |
|---|---|---|---|
| 1 | ബിഡ്ഡേഴ്‌സ് ഇ.എം.ഡി | 10,480 | 2018-19 |
| 2 | സപ്ലേഴ്‌സ് ഇ.എം.ഡി | 8,420 | 2020-21 |
| 3 | കോൺട്രാക്ടേഴ്‌സ് ഇ.എം.ഡി | 1,651 | 2019-20 |
| 4 | ഓക്ഷൻ ഡെപ്പോസിറ്റ് | 7,13,696 | 2018-19 |
| 5 | വാട്ടർ കണക്ഷൻ ഡെപ്പോസിറ്റ് | 1,000 | 2018-19 |
| 6 | കോൺട്രാക്ടേഴ്‌സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 36,161 | 2019-20 |
| 7 | സപ്ലേഴ്‌സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 13,900 | 2020-21 |
| 8 | ബിഡ്ഡേഴ്‌സ് സെക്യൂരിറ്റി ഡെപ്പോസിറ്റ് | 3,33,706 | 2018-19 |
| 9 | കോൺട്രാക്ടേഴ്‌സ് റിറ്റെൻഷൻ | 10,395 | 2018-19 |
| 10 | മറ്റ് ഡെപ്പോസിറ്റ് | 99,389 | 2018-19 |
| 11 | ഡെപ്പോസിറ്റ് ഫ്രം ഹാൾ & ഓഡിറ്റോറിയം | 2,150 | 2018-19 |
| 12 | ഡെപ്പോസിറ്റ് റസീവ്ഡ് ഫ്രം അതേഴ്‌സ് | 1,000 | 2020-21 |
| 13 | മറ്റ് ഡെപ്പോസിറ്റ് റവന്യൂ | 8,10,134 | 2020-21 |

**<u>B) ഡെപ്പോസിറ്റ് തുക വർഷങ്ങളായി ക്രമീകരിക്കാതെ നിലനിൽക്കുന്നു</u>**

ഡെപ്പോസിറ്റിൽ ധാരാളം തുകകൾ വിവിധ ശീർഷകങ്ങളിലായി ക്രമീകരിക്കാതെ അവശേഷിക്കുന്നതായി കാണുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതോ തിരികെ നൽകേണ്ട ബാധ്യത ഇല്ലാത്തതുമായ തുകകൾ ആണോ എന്ന് ഉറപ്പ് വരുത്തുവാൻ രജിസ്റ്റർ പരിശോധിച്ച് ഉറപ്പ് വരുത്തുവാൻ സാധിക്കുന്നില്ല. കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 282 പ്രകാരം തിരികെ നൽകേണ്ട തിയതിക്ക് ശേഷം മൂന്ന് വർഷത്തിൽ കൂടുതൽ കാലം അവകാശപ്പെടാത്ത നിക്ഷേപങ്ങൾ പഞ്ചായത്തിലേക്ക് മുതൽ കൂട്ടാവുന്നതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഡെപ്പോസിറ്റ് ഇനം | ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള തുക | സാമ്പത്തിക വർഷം |
|---|---|---|---|
| 1. | ഓക്ഷൻ ഡെപ്പോസിറ്റ് | 713696 | 2018-19 വരെയുള്ളത് |
| | | 285300 | 2018-19 |
| 2. | മറ്റ് ഡെപ്പോസിറ്റ് | 99389 | 2018-19 വരെയുള്ളത് |
| | | 31537 | 2018-19 |
| | | 3000 | 2019-20 |
| 3. | ഡെപ്പോസിറ്റ് ഫ്രം ഹാൾ & ഓഡിറ്റോറിയം | 2150 | 2018-19വരെയുള്ളത് |
| | | 12000 | 2018-19 |
| | | 4000 | 2019-20 |

| | | | |
|---|---|---|---|
| 4. | ഡെപ്പോസിറ്റ് റസീവ്ഡ് ഫ്രം അതേഴ്സ് | 1000 | 2020-21 വരെയുള്ളത് |
| 5. | മറ്റ് ഡെപ്പോസിറ്റ് റവന്യൂ | 810134 | 2020-21 വരെയുള്ളത് |

## 1-1-12 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്. (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-13 വസ്തു നികുതി ഡിമാന്റ് ഒരു തവണമാത്രം രേഖപ്പെടുത്തി

1/4/2023ൽ നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ഡിമാന്റ് തുക (റെസിഡൻഷ്യൽ/നോൺ റസിഡൻഷ്യൽ) വർഷാരംഭത്തിൽ ഡിമാന്റ് തുകയായി രേഖപ്പെടുത്തേണ്ടിയിരുന്നതും 2023-24-ൽ അസസ്സ്ചെയ്യപ്പെടുന്ന വസ്തുനികുതി ഉൾപ്പെടെയുള്ള, അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. ഓഡിറ്റിന് ഹാജരാക്കിയ New Building രജിസ്റ്റർ പ്രകാരം 2023-24വർഷത്തിൽ കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ 187 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട്. എന്നാൽ 2023-24 ലെ "110100101-Property Tax On Residential Buiding"എന്ന ശീർഷകത്തിലേയും "110100102-Property Tax On Non Residential Buiiding" എന്ന ശീർഷകത്തിലേയും ലെഡ്ജറുകൾ പരിശോധിച്ചതിൽ നിന്നും 2023-24 സാമ്പത്തിക വർഷത്തെ ഡിമാന്റ് രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും വർഷാവസാനം ഉള്ള ഡിമാന്റ് തുകയിലേക്ക് വാർഷികകണക്കിലെ തുക ക്രമീകരിക്കുന്ന രീതിയിൽ രേഖപ്പെടുത്തലുകൾ നടത്തിവരുകയാണ് ചെയ്യുന്നത് എന്ന് ഇതിൽ നിന്ന് വ്യക്തമാണ്. ആയതിനാൽ നിയമപ്രകാരമുള്ള റമിഷൻ, എഴുതി തള്ളൽ തുടങ്ങിയവ സംബന്ധിച്ച് കണക്കുകളിൽ രേഖപ്പെടുത്തൽ ഇല്ലാതെ പോകുന്നു. ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ വസ്തുനികുതിഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും രജിസ്റ്ററുകളുമായി പ്രതിമാസ പൊരുത്തപ്പെടുത്തൽ നടത്തി ആഭ്യന്തരനിയന്ത്രണ സംവിധാനം ഫലപ്രദമാക്കുന്നതിനും, ഡിമാന്റ് എൻട്രികൾക്ക് സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-14 ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ സാധുത നല്കുന്ന വൌച്ചറുകളും അനുബന്ധ രേഖകളും അക്രൂവൽ അടിസ്ഥാനത്തിലുള്ള വാടക വരുമാനങ്ങളിൽ സൂക്ഷിക്കുന്നില്ല

2023-24-ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എന്ട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു. ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക്ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ മേൽ പ്രകാരം സെക്രട്ടറി രേഖാമൂലം പ്രതിമാസപത്രികയും അനുബന്ധകണക്കുകളും തയ്യാറാക്കാതെ ഒറ്റത്തവണയായി ഡിമാന്റ്/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്ത വരവിനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വരവിനം | ഡിമാന്റ് ചേർക്കുന്ന ശീർഷകം | ഡിമാന്റ് | രേഖപ്പെടുത്തിയ തീയ്യതി | വൗച്ചർ |
|---|---|---|---|---|---|
| 1. | കെട്ടിടങ്ങളിൽ നിന്നുള്ള വാടക (23 കെട്ടിടങ്ങൾ) | 130100101-Rent From Building | 4,36,044 | 16-12-2023 | 42300876 |
| | | | - 81,472 | 31-03-2024 | 42301849 |

ചട്ടത്തിൽ നിർദ്ദേശിച്ച രീതിയിൽ ഡിമാന്റ് നിയമപ്രകാരം ഉത്ഭവിക്കുന്ന സമയത്ത് തന്നെ അക്രൂവൽ രേഖപ്പെടുത്തലുകൾ വരുത്തുന്നതിനും ഡിമാന്റ് എൻട്രികൾ/ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ്

അനുവദിക്കൽ സാധുത നല്കുന്ന വൗച്ചറുകളും അനുബന്ധ രേഖകളും സൂക്ഷിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതുമാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-15 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ് (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ2011. ചട്ടം 7). ജേണൽ വൗച്ചറുകൾ ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-16 മുൻകൂർ ലഭിച്ച വസ്തുനികുതിയിയേക്കാൾ കൂടുതൽ തുക ഈ സാമ്പത്തിക വർഷം ക്രമീകരിച്ചു

A) 2022-23 വർഷത്തെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുകയേക്കാൾ കൂടുതൽ തുക 2023-24 വർഷം ഈയിനത്തിൽ ക്രമീകരിച്ചതായി കാണുന്നു. ക്രമീകരിച്ച തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരം 31/3/23 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്ന തുക | 2023-24ലെ ലെഡ്ജർ പ്രകാരം തൻവർഷം ക്രമീകരിച്ച തുക |
|---|---|---|---|
| 1 | 350410101 - Advance Collection Of Revenues - Property Tax On Residential Building | 3,380 | 15,051 |
| 2 | 350410104 - Advance Collection Of Revenues - Property Tax On Non-Residential Building | 4,842 | 9,207 |

B) "Prior Period Items" എന്ന നോമിനൽ അക്കൌണ്ട് പ്രകാരം അഡ്വാൻസ് തുക സാങ്കല്പികമായി ജേണൽ വൗച്ചർ മുഖേന വർദ്ധിപ്പിക്കുകയും തുടർന്ന് ആയത് തൻവർഷത്തേക്ക് ക്രമീകരിക്കുകയുമാണ് ചെയ്തത്. ക്യാഷ് ആയി അഡ്വാൻസ് തുക ലഭിച്ചിട്ടില്ല. മേൽ വർദ്ധനക്ക് ബന്ധപ്പെട്ട വൗച്ചറുകളോ മറ്റ് രേഖകളോ സൂക്ഷിച്ചിട്ടുമില്ല. വർദ്ധനക്ക് കാരണം രേഖപ്പെടുത്തിയിട്ടുള്ളതും അംഗീകരിക്കാനാകുന്നതുമായ യാതൊരു സബ് വൗച്ചറുകളും, വർക്ക്ഷീറ്റുകളും, നടപടിക്രമങ്ങളും സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഇപ്രകാരം സാങ്കല്പിക വർദ്ധനവ് വരുത്തിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024). ഇപ്രകാരം വർദ്ധനവ് വരുത്തിയ വൌച്ചർ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**റെസിഡൻഷ്യൽ**

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42301876 | 31-03-2024 | 14,525 |

**നോൺ-റെസിഡൻഷ്യൽ**

| ജേണൽ വൗച്ചർ | തീയ്യതി | തുക |
|---|---|---|
| 42301876 | 31-03-2024 | 8,476 |

## 1-1-17 പ്രൊവിഷൻ രേഖപ്പെടുത്തിയില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം വസ്തുനികുതി ഇനത്തിൽ കുടിശ്ശിക ഉണ്ട്. എന്നാൽ നികുതി, നികുതിയിതര കുടിശ്ശിക വർഷാടിസ്ഥാനത്തിൽ കണക്കാക്കി, സർക്കാർ ഉത്തരവ് 152/2011/ത.സ്വ.ഭ.വ തീ.26/7/2011, കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011(ചട്ടം58(4)എച്ച്) എന്നിവ പ്രകാരം ലഭ്യത സംശയാസ്പദമായ തുക കണക്കാക്കി ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല (ഓഡിറ്റ് എൻക്വയറി നമ്പർ 11/02.09.2024).

## 1-1-18 Prior Period Item-അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക് ഷീറ്റുകളോ, ലഭ്യമാക്കിയിട്ടില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് (ഐ-19) പ്രകാരം "Prior Period Item" എന്ന ശീർഷകത്തിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല (ഓഡിറ്റ് എൻകചയറി നമ്പർ 11/02.09.2024).

| ശീർഷകം (ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, ഷെഡ്യൂൾ I-19) | 31/3/2024ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 - Prior Period Income -Property Tax | -1,33,724 |

## 1-1-19 അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി

31.3.2024 ലെ ബാലൻസ്ഷീറ്റ് പ്രകാരം Street Lights (415100003) എന്ന ആസ്തികൾക്ക് 21,53,153 രൂപ വില കണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2024ലെ പബ്ലിക്ക് ലൈറ്റിംഗിന്റെ Accumalated Depreciation –56,95,507 രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാന ചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2024-25 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻകചയറി നമ്പർ 11/02.09.2024).

## 1-1-20 മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നു

31.3.2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B3 പ്രകാരം " Capital Contribution" എന്ന ഇനത്തിലെ അതേ തുകയാണ് 31.3.2024 ലെ ബാലൻസ്ഷീറ്റിലും ചേർത്തിരിക്കുന്നത്. വികസനഫണ്ട് ഉൾപ്പെടെയുള്ള പ്രത്യകോദ്ദേശ്യ ഗ്രാന്റുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികളുടെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർക്കാത്തതാണ് ഇതിന് കാരണം. ഇതുമൂലം മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾ ഉൾപ്പെടെ സ്ഥാപനത്തിന്റെ വരുമാനമായി ചേർക്കപ്പെടുന്നതിനും Income And Expenditure Account പ്രകാരം കണക്കാക്കപ്പെടുന്ന മിച്ചതുക കൂടുന്നതിനും കാരണമാകുന്നു. ഇത് 152/2011/ത.സ്വ.ഭ.വ., തീ.26.7.2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ് (ഓഡിറ്റ് എൻകചയറി നമ്പർ 11/02.09.2024).

ഉദാ:-

1) പ്രൊജക്ട് നം. 164/24 പ്രകാരം ഹരിത കർമ്മ സേനയ്ക്കായി CFC ഗ്രാന്റ്, കേന്ദ്രാവിഷ്കൃത ഫണ്ട് എന്നിവ ഉപയോഗിച്ച് 10,32,528 രൂപ ചെലവഴിച്ച് ഇലക്ട്രിക്ക് മുച്ചക്ര വാഹനം വാങ്ങിയിട്ടുള്ളതും 414140103 എന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ആയതിന്റെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ലാത്തതാണ്.

2) ചരളക്കുന്ന് എസ്.സി സെറ്റിൽമെന്റ് കോളനി റോഡ് ടൈൽ വിരിക്കൽ, സൈഡ് പ്രൊട്ടക്ഷൻ എന്നീ പ്രവർത്തികൾക്കായി 5,61,880 ചെലവഴിച്ചിട്ടുള്ളതും 415110001 എന്ന ശീർഷകത്തിൽ ആസ്തിയായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. എന്നാൽ ആയതിന്റെ മൂല്യം " Capital Contribution" എന്ന ശീർഷകത്തിലേക്ക് ചേർത്തിട്ടില്ലാത്തതാണ്.

## 1-1-21 അഡ്വാൻസ് തുക തെറ്റായ ശീർഷകത്തിൽ രേഖപ്പെടുത്തി

താഴെ ചേർത്തിരിക്കുന്ന മരുന്ന് വാങ്ങുന്ന പ്രവൃത്തിക്കായി മുൻകൂർ തുക നൽകുമ്പോൾ B-18 ഷെഡ്യൂളിൽ 460 തുടങ്ങുന്ന ഉചിതമായ ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും മരുന്ന് ലഭ്യമാകുന്ന മുറയ്ക്കു മാത്രം അതത് ചെലവ് ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുകയും ചെയ്യുന്നതിന് പകരം, മുൻകൂർ നൽകുമ്പോൾ തന്നെ ബന്ധപ്പെട്ട ചെലവ്, ചെലവ് ശീർഷകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. മാത്രമല്ല മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുമില്ല. ഇപ്രകാരം ചെയ്യുന്നതിനാൽ മുൻകൂർ തുകകളുടെ വിനിയോഗം നിരീക്ഷിക്കാൻ കഴിയാതെ വരുന്നു (ഓഡിറ്റ് എൻകചയറി നമ്പർ 11/02.09.2024). ഇപ്രകാരം രേഖപ്പെടുത്തലുകൾ വരുത്തിയതിനുള്ള ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് | വൗച്ചർ നമ്പർ | മുൻകൂർ നൽകിയ തുക | ചെലവ് രേഖപ്പെടുത്തിയ ശീർഷകം | ചെലവ് രേഖപ്പെടുത്തേണ്ടിയിരുന്ന ശീർഷകം |
|---|---|---|---|---|---|
| 1. | 20/24 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്ന് വാങ്ങൽ | 42301695/23.01.2024 | 1,50,000 | 251110208 – Medical Institution-Homoeo-Purchase Of Medcines In Health Institutions | B-18 ഷെഡ്യൂളിൽ 460 തുടങ്ങുന്ന ഉചിതമായ ശീർഷകം |
| 2. | 84/24 GAD , NHM എന്നീ | 42301706/ 23.02.2024 | 300,000 | 251110109-Medical Institution-Ayurveda- | |

| | | | | |
|---|---|---|---|---|
| | സ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ | 42301708/27-02-2024 (4,00,000/-) | 8,00,000 | Purchase Of Medcines In Health Institutions |
| | | 42301711/01-03-2024 (4,00,000/-) | | |
| 3 | 06/24 FHC, കാടുകുറ്റിയിലേക്ക് മരുന്ന് വാങ്ങൽ | 42301679/03.10.2023 | 4,00,000 | 251110008 – Medical Institution-Allopathy-Purchase Of Medcines For Hospitals |
| | | 42301654/22.07.2023 | 5,00,000 | |

## 1-2 ബജറ്റ്

| | | |
|---|---|---|
| പാസ്സാക്കിയ തീയ്യതി | 24.03.2023 | |
| കമ്മിറ്റി തീരുമാനം | 1 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 255674000 | 253653000 |
| **റിവൈസ്ഡ് ബജറ്റ്** | | |
| പാസ്സാക്കിയ തീയ്യതി | 14.02.2024 | |
| കമ്മിറ്റി തീരുമാനം | 01 | |
| പ്രതീക്ഷിത വരവ്,ചെലവ് എന്നിവ | വരവ് | ചെലവ് |
| | 206073449 | 203722292 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക/ നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 1,92,10,000 | 1,92,10,000 | 1,63,91,012 | 28,18,988 |
| വികസന ഫണ്ട്-എസ്.സി.പി | 0 | 74,83,000 | 74,83,000 | 65,44,515 | 9,38,485 |
| മെയിന്റനൻസ്, റോഡ് | 0 | 88,04,000 | 88,04,000 | 81,74,300 | 6,29,700 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 39,02,000 | 39,02,000 | 39,01,906 | 94 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബാങ്ക് (ടൈഡ്) | 34,35,768 | 23,85,500 | 58,21,268 | 14,71,428 | 43,49,840 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ബാങ്ക് (അൺടൈഡ് ബേസിക് ഗ്രാന്റ്) | 14,31,161 | 33,52,683 | 47,83,844 | 26,33,874 ( [26,33,693- Sulekha] + [ 181- Bank Charge] ) | 21,49,970 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് ട്രഷറി (അൺടൈഡ് ബേസിക് ഗ്രാന്റ്) | 0 | 21,548 | 21,548 | 21,548 | 0 |
| സാക്ഷരത | 2,950 | 0 | 2,950 | 0 | 2,950 |
| ദുരിതാശ്വാസ നിധി | 46,402 | 1,361 | 47,763 | 0 | 47,763 |
| ടോട്ടൽ സാനിറ്റേഷൻ | 13,30,511 | 0 | 13,30,511 | 7,41,500 | 5,89,011 |
| ICDS | 10,37,945 | 13,29,673 | 23,67,618 | 2,90,389 | 20,77,229 |
| ഹെൽത്ത് ഗ്രാന്റ് (Diagnostic Infrastructure) | 64,115 | 9,14,186 | 9,78,301 | 9,62,507 | 15,794 |

| | | | | | |
|---|---|---|---|---|---|
| ഹെൽത്ത് ഗ്രാന്റ് (Wellness Centre) | 1,01,087 | 3,84,994 | 4,86,081 | 3,60,161 | 1,25,920 |
| ഹെൽത്ത് ഗ്രാന്റ് ( Ayush Health ) | 4,50,000 | 0 | 4,50,000 | 4,09,882 | 40,118 |
| സ്വച്ഛ് ഭാരത് മിഷൻ ഫേസ് 2 | 0 | 4,32,000 | 4,32,000 | 4,32,000 | 0 |
| MLA ഫണ്ട് | 0 | 5,61,880 | 5,61,880 | 5,61,880 | 0 |
| വിമുക്തി ഗ്രാന്റ് | 21,500 | 0 | 21,500 | 0 | 21,500 |
| ലൈഫ് സ്റ്റേറ്റ് ഷെയർ | 3,48,511 | 76,91,815 | 80,40,326 | 62,60,326 | *17,82,602 |
| ശുചിത്വ മിഷൻ | 1,088 | 0 | 1,088 | 0 | 1,088 |

*ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി4 ൽ 17,82,602 രൂപയാണ് ബാലൻസ് ആയതിൽ 2,602 രൂപ കില ഫണ്ടും ഉൾപ്പെട്ടിട്ടുണ്ട്

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അംഗീകരിച്ച പദ്ധതി അടങ്കൽ തുക | നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കിയ പദ്ധതി ചെലവ് തുക | നടപ്പാക്കിയ പദ്ധതിത്തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 256 | 138474882 | 152 | 59084130 | 42.6% | 59.4% |

## 1-5 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 470 | 999142 | 999612 | 999612 | |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 11496279 | 11496279 | 11496279 | |
| മെറ്റീരിയൽ കോസ്റ്റ് | | 984949 | 984949 | 984949 | |
| ആകെ | | | 13480840 | 13480840 | |

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | തുക |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 2 | 3011000 |
| വിധവാപെൻഷൻ | 32 | 9708500 |
| വാർദ്ധക്യകാലപെൻഷൻ | 144 | 29157800 |
| വികലാംഗപെൻഷൻ | 9 | 3523100 |
| അവിവാഹിത പെൻഷൻ | 1 | 656000 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | | 120000 |
| തൊഴിൽ രഹിത വേതനം | 0 | 0 |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 02.09.2024 തീയതിയിൽ 3:00 PM ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17,259 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം 1-ലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 (എ) പ്രകാരം ഒരു കമ്പനിക്കോ ആൽക്കോ ഒരു ഓഫീസോ ഏജന്റോ പഞ്ചായത്തിൽ ഉണ്ടെങ്കിൽ ആ കമ്പനിയോ വ്യക്തിയോ പഞ്ചായത്ത് പ്രദേശത്ത് ബിസിനസ് നടത്തുന്നതായി കരുതേണ്ടതും ഓഫീസ് ചാർജ് വഹിക്കുന്ന വ്യക്തിയോ ഏജന്റോ ഫേമോ ആ കമ്പനിയോ വ്യക്തിയോ നൽകേണ്ട നികുതി കൊടുക്കുവാൻ ബാധ്യസ്ഥൻ/ബാധ്യസ്ഥ ആയരിക്കുന്നതാണ്. താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

.

| ക്രമ നമ്പർ | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1. | KWA PH സെക്ഷൻ, മാള | 1 & 2 |
| 2. | KWA PH സെക്ഷൻ, കടുങ്ങല്ലൂർ | 1 & 2 |
| 3. | മാവേലിസ്റ്റോർ കാടുകുറ്റി | 2 |
| 4. | മൈനർ ഇറിഗേഷൻ ചാലക്കുടി & കൊടകര | 1 & 2 |
| 5. | കഷീരോൽപാദക സഹകരണ സംഘം, പാളയം പറമ്പ് | 1 & 2 |
| 6. | Seli Oversees Shipping Pvt Ltd. കല്ലൂർ | 2 |
| 7. | കള്ള് ഷാപ്പുകൾ | |
| | A) ചെറിയപറമ്പ് (Group 6- ചാലക്കുടി മാള റേഞ്ച് ) | 1 & 2 |
| | B) പാളയംപറമ്പ് (Group 6- ചാലക്കുടി മാള റേഞ്ച് ) | 1 & 2 |
| | C) വൈന്തല (Group 6- ചാലക്കുടി റേഞ്ച്) | 1 & 2 |
| | D) ചെറുവാളൂർ (Group 6- ചാലക്കുടി റേഞ്ച് ) | 1 & 2 |
| 8. | റേഷൻ കടകൾ | 1 & 2 |
| 9. | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | |
| | A) ആയുഷ് മഠം ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, അന്നനാട് | 1 & 2 |
| | B) ചാക്കോളാസ് ഡെന്റൽ ക്ലിനിക്ക് | 1 & 2 |
| 10. | അക്ഷയ സെന്റർ | |
| | A) കാടുകുറ്റി | 1 & 2 |
| | B) അന്നനാട് | 1 & 2 |
| 11. | ചാലക്കുടി ടൗൺ കോപ്പറേറ്റീവ് ബാങ്ക് | 1 & 2 |
| 12. | മറ്റത്തൂർ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി | 2 |
| 13. | ബി.എസ്.എൻ.എൽ* | 1 & 2 |

*ഡബ്ല്യൂ.പി.സി 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

മേൽപറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും 2023-24 സാമ്പത്തികവർഷം സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നം.24/03.09.2024). മുകളിൽ പറഞ്ഞിട്ടുള്ള അപാകതകൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനായി കൃത്യമായി തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-10 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

ഒരു അർദ്ധവർഷത്തിൽ ആകെ 60 ദിവസത്തിൽ കുറയാതെ ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിലോ, പഞ്ചായത്ത് പ്രദേശത്ത് താമസിച്ചു കൊണ്ട് അതിന് വെളിയിലോ, ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസു നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുന്നതോ മുതൽ മുടക്കുകളിൽ നിന്ന് ഏതെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതോ ആയ ഏതൊരാളും തൊഴിൽ നികുതി നല്കുവാൻ ബാധ്യസ്ഥരാണ്. (കേരള

പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204). പ്രസ്തുത ചട്ട പ്രകാരം തൊഴിൽ നികുതി അടവാക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

A) മേൽ ചട്ട പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ അംഗീകൃത കരാറുകാരിൽ നിന്നും പരമാവധി തൊഴിൽ നികുതി ഈടാക്കാവുന്നതാണ്. ലോക്കൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് & എഞ്ചിനീയറിംഗ് വിംഗിലെ എഗ്രിമെന്റ് രജിസ്റ്റർ പരിശോധിച്ചതിൻ പ്രകാരം 2023-24 വർഷം പഞ്ചായത്തിൽ വിവിധ പ്രവൃത്തികൾക്കായി കരാറിൽ ഏർപ്പെട്ട കരാറുകാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | കെ. സി. ഫ്രാൻസിസ് |
| 2 | സനീഷ് എ. എസ്. |
| 3 | ഫ്രാൻസിസ് പിൻഹ്റോ |
| 4 | ഷാജു പി. ദേവസ്സി |
| 5 | ജെഫ്രിൻ പിൻഹ്റോ |
| 6 | എം. കെ. തോമസ് |
| 7 | ഡെന്നി കെ. സി. |
| 8 | ലിയോൺ എം. വി. |
| 9 | ഷിബി പി. ജോൺ |
| 10 | ജോജോ ജോസഫ് |
| 11 | ജോസ് പോൾ |
| 12 | ടോണി പി. വി. |
| 13 | ആൽബർട്ട് ജോൺസൺ |
| 14 | കെ. പി. സാനു |
| 15 | ജിജി കെ. എസ്. |
| 16 | സാലി കെ. പി. |
| 17 | അനിൽകുമാർ |
| 18 | ദേവസ്സി സി. വി. |

മേൽ പരാമർശിച്ച കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം അറിയിക്കേണ്ടതാണ്. കരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതാണ്. അഥവാ അവർ മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തൊഴിൽ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ലഭ്യമായിട്ടില്ലാത്തതാണ് (ഓഡിറ്റ് എൻക്വയറി നം.25/03.09.2024).

B) താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2023-24 സാമ്പത്തിക വർഷം തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ് (ഓഡിറ്റ് എൻക്വയറി നം.26/03.09.2024).

| ക്രമ നമ്പർ | സ്ഥാപനം | |
|---|---|---|
| 1 | മറ്റത്തൂർ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി | |
| 2 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ | |
| | A) | ആയുഷ് മഠം ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ, അന്നനാട് |
| | B) | സായ് ഹോമിയോ ക്ലിനിക്ക് - ഡോ. VG ബാലഗോപാൽ |
| | C) | ക്ലിനിക്കൽ ലബോറട്ടറി - കോമളവല്ലി മണ്ണിട്ടാംതൊടി |
| | D) | സെന്റ് ആന്റണീസ് ലബോറട്ടറി പാളയംപറമ്പ് |
| | E) | അമ്മ ഹൈടെക് ലാബ് - 9/379/A - കോമളവല്ലി മണ്ണിട്ടാംതൊടി |
| | F) | മേദിക ആയുർവേദ ട്രീറ്റ്മെന്റ് സെന്റർ, കാടുകുറ്റി - ഡോ. സിജി സൈമൺ |
| | G) | അലോപ്പതി ക്ലിനിക്ക് - ഡോ. ജോൺ |
| 3 | കള്ള് ഷാപ്പുകൾ | |
| | A) ചെറിയപറമ്പ് ( Group 6- ചാലക്കുടി മാള റേഞ്ച് ) | |
| | B) പാളയംപറമ്പ് ( Group 6- ചാലക്കുടി മാള റേഞ്ച് ) | |
| | C) വൈന്തല ( Group 6- ചാലക്കുടി റേഞ്ച് ) | |
| | D) ചെറുവാളൂർ ( Group 6- ചാലക്കുടി റേഞ്ച് ) | |

| | |
|---|---|
| 4. | മണ്ടിക്കുന്ന് ക്ഷീരോൽപാദക സഹകരണ സംഘം |
| 5. | ചെറുവാളൂർ മിൽക്ക് സൊസൈറ്റി |
| 6. | സ്വതന്ത്ര ക്ഷീരോൽപാദക സഹകരണ സംഘം, കാടുകുറ്റി |
| 7 | റേഷൻകടകൾ |
| 8. | ടീം തായ് അഗിൻ അഗ്രോ ഫുഡ് ഇൻഡസ്ട്രീസ്, തൈക്കൂട്ടം - 14/270/A,B,C,D,E |

C) 2023-24 സാമ്പത്തികവർഷത്തെ തൊഴിൽ നികുതി ഡിമാൻഡ് രജിസ്റ്ററും, FACTEOS ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിച്ച അപേക്ഷകളും തൊഴിൽ നികുതി രജിസ്റ്ററും പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനം പ്രവർത്തിക്കുന്നതിനാവശ്യമായ ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തുന്നുണ്ടെങ്കിലും ഈ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതായി കാണുന്നില്ല. പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കാത്തതിൽ മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ആയത് ഹാജരാക്കിയിട്ടില്ലാത്തതാണ് (ഓഡിറ്റ് എൻക്വയറി നം.26/03.09.2024). ലൈസൻസിനായുള്ള അപേക്ഷ പരിശോധിച്ചതിൽ നിന്നും ലഭ്യമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | കെട്ടിട നമ്പർ | ലൈസൻസിനുള്ള അപേക്ഷയിൽ കാണിച്ചിരിക്കുന്ന ജോലിക്കാരുടെ എണ്ണം |
|---|---|---|---|
| 1 | ശാന്തി ഗ്ലോബൽ എക്സ്പോർട്ട് പ്രൈ. ലിമിറ്റഡ് | 4/227 | 4 |
| | | 4/228 | 3 |
| | | 4/229 | 6 |
| 2 | ഇടശ്ശേരി സിറാമിക്സ് | 16/269 | 8 |
| 3 | ഹയ പെട്രോളിയംസ് | 4/118/H | 6 |
| 4 | ഗാലക്സി ടൈൽസ് & ബ്രിക്സ് | 4/1,2 | 6 |
| 5 | തൃശ്ശൂർക്കാരൻ ഫ്യൂവൽസ് | 5/63/C | 4 |
| 6 | RK പ്ലാസ്റ്റിക് ഇൻഡസ്ട്രീസ് | 13/4599 | 14 |
| 7 | പറമ്പേൻ ഹോളോ ബ്രിക്സ് | 11/236 | 4 |

മേൽ പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ലാത്തതിനാൽ ആയത് ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-11-1 ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പഞ്ചായത്ത് പാലിക്കപ്പെട്ടിട്ടില്ല. പഞ്ചായത്തിൽ ലൈസൻസ് നടപടികളിലും ഡേറ്റാബേസ്, രജിസ്റ്റർ, രേഖകൾ എന്നിവയുടെ സൂക്ഷിപ്പിലും അപാകതകൾ ഉള്ളതായി കാണുന്നു. ലൈസൻസ് രജിസ്റ്റർ , പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) താഴെപ്പറയുന്ന സ്ഥാപനങ്ങൾ 2023-24 വർഷം ലൈസൻസ് എടുത്തതായി കാണുന്നില്ല. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.27/03.09.2024).

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | ക്ഷീരോൽപാദക സഹകരണ സംഘം, പാളയംപറമ്പ് |
| 2 | KRTI ലൈഫ് സയൻസ് ലിമിറ്റഡ് , അന്നനാട് |
| 3 | സെന്റ് ആന്റണീസ് ക്ലേ പ്രൊഡക്ട്സ് |
| 4 | അക്ഷയ സെന്റർ |
| | A) കാടുകുറ്റി |
| | |

| | |
|---|---|
| | B) അന്നനാട് |

3) ആയുഷ് മാഠം ആയുർവേദ ഹോസ്പിറ്റൽ & റിസർച്ച് സെന്റർ , അന്നനാട് എന്ന സ്ഥാപനം 2023-24 സാമ്പത്തിക വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിലും ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല. ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.27/03.09.2024).

4) ഓട് നിർമ്മാണ കമ്പനികൾ ധാരാളമുള്ള കാടുകുറ്റി പഞ്ചായത്തിന്റെ സഞ്ചയ സോഫ്റ്റ് വെയറിലെ വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും (ഫോറം 6) പരിശോധിച്ചതിൽ വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറി ഷെഡ്, കയർ പിരി ഷെഡ് എന്ന ഉപയോഗക്രമത്തിൽ വരുന്ന 500m2 വിസ്തീർണത്തിന് മുകളിൽ വിവിധ കെട്ടിടങ്ങൾ ഉള്ളതായി കണ്ടു. ആയതിൽ ഭൂരിഭാഗവും ഇഷ്ടികച്ചൂള എന്ന ഉപയോഗക്രമത്തിലായാണ് സഞ്ചയയിൽ രേഖപ്പെടുത്തിയിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന കെട്ടിട നമ്പറുകളിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുന്നതിനോടൊപ്പം അവ ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ കൂടി അറിയിക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.27/03.09.2024).

| ക്രമ നം. | കെട്ടിട നം. | കെട്ടിടത്തിന്റെ ഉപയോഗ ക്രമം | തറ വിസ്തീർണ്ണം | ഉടമയുടെ പേര് |
|---|---|---|---|---|
| 1 | 1/499 | ഇഷ്ടിക ചൂള | 1000 | ഇ.ടി ദേവസ്സി |
| 2 | 4/22 | കൈത്തൊഴിൽ ഷെഡ് | 1000 | സി.കെ സുലൈമാൻ |
| 3 | 9/454 | ഇഷ്ടിക ചൂള | 500 | പി അർജുനൻ |
| 4 | 9/470 | ഇഷ്ടിക ചൂള | 550 | കാതികുടം കളിമൺ വ്യവസായ സഹകരണ സംഘം |
| 5 | 9/471/A | കരകൌശല നിർമ്മാണ ഷെഡ് | 550 | കാതികുടം കളിമൺ വ്യവസായ സഹകരണ സംഘം |
| 6 | 9/486 | ഇഷ്ടിക ചൂള | 500 | മുഹമ്മദാലി |
| 7 | 11/140 | കൈത്തൊഴിൽ ഷെഡ് | 640 | അബ്ദുൾ അസ്സീസ് |
| 8 | 16/232 | ഇഷ്ടിക ചൂള | 1000 | സിജി |
| 9 | 16/239 | ഇഷ്ടിക ചൂള | 750 | പി വി സ്റ്റീഫൻ |
| 10 | 16/489 | ഇഷ്ടിക ചൂള | 1000 | കെ എ ഇട്ടീര |

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുകയും മേൽ സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ് എടുപ്പിക്കുന്നതിനോടൊപ്പം പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികളും സ്വീകരിക്കേണ്ടതാണ്.

## 1-11-2 രജിസ്ട്രേഷൻ ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

കേരള പഞ്ചായത്ത്രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ 1997, ചട്ടം 3(1) – പ്രകാരം ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് നിഷ്ക്കർഷിച്ചിട്ടുള്ളതാണ്. 2023-24 സാമ്പത്തികവർഷത്തെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ രജിസ്റ്ററും, FATEOS ലൈസൻസ് രജിസ്റ്ററും പരിശോധിച്ചപ്പോൾ കണ്ട അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1) പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ കഴിഞ്ഞ സാമ്പത്തിക വർഷം 2022-23 ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ നടത്തിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഈ സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിലും 2023-24ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ചെയ്തിട്ടുള്ളതായി കാണുന്നില്ല. രജിസ്ട്രേഷൻ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

.

| ക്രമ നം. | സ്ഥാപനം. |
|---|---|
| 1 | മേഥിക ആയുർവേദ ട്രീറ്റ്മെന്റ് സെന്റർ |
| 2 | ജോൺസ് ക്ലിനിക്ക്, അന്നനാട് |

2) മേരി പോളിന്റെ പേരിലുള്ള പാരാമെഡിക്കൽ സ്ഥാപനം കഴിഞ്ഞ സാമ്പത്തിക വർഷം 2022-23 ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിലും 2023-24ൽ പാരാമെഡിക്കൽ രജിസ്ട്രേഷൻ ,

ലൈസൻസ് എന്നിവ എടുത്തിട്ടുള്ളതായി കാണുന്നില്ല. രജിസ്ട്രേഷൻ , ലൈസൻസ് എന്നിവ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

മേൽ പറഞ്ഞ അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് എൻക്വയറി നം.27/03.09.2024). രജിസ്ട്രേഷനില്ലാതെ നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനത്തിൽ നിന്നും ചട്ടം 8-പ്രകാരം 5000/- രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500/- രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്. മേൽ സ്ഥാപനങ്ങളെകൊണ്ട് ലൈസൻസ്, രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ മേൽസ്ഥാപനങ്ങൾ കൂടാതെ സ്വകാര്യ ആശുപത്രികളിൽ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ ലൈസൻസ്/രജിസ്ടേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 രജിസ്ട്രേഷൻ/ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ലൈസൻസ് രജിസ്റ്റർ, പാരാമെഡിക്കൽ രജിസ്ട്രേഷൻ രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും ലൈസൻസോ രജിസ്ട്രേഷനോ ഇല്ലാതെ പ്രവർത്തിക്കുന്നതായി കണ്ടു. പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

## 1-12 ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.
പതിനാറ് വാർഡുകളുള്ള കാടുകുറ്റി ഗ്രാമ പഞ്ചായത്തിൽ 2023-24 സാമ്പത്തികവർഷം 20 പൗൾട്രി ഫാമുകൾ ലൈസൻസ് എടുത്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിയിയിലെ 1 മുതൽ 6 വരെയുള്ള വാർഡുകളിലെ മാത്രം വിവിധ കെട്ടിടങ്ങളുടെയും അവയുടെ ഉപയോഗക്രമങ്ങളും വസ്തുനികുതി ഡിമാന്റും, കളക്ഷനും (ഫോറം 6) സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം പരിശോധിച്ചതിൽ 1 മുതൽ 6 വരെയുള്ള വാർഡുകളിലെ താഴെ പറയുന്ന കെട്ടിടങ്ങളിൽ ലൈവ്സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| ക്രമ നമ്പർ | കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | ഉപയോഗ ക്രമം |
|---|---|---|---|---|
| 1 | ജോൺസൺ | 1/298/A | 100 | കോഴി വളർത്തൽ ഷെഡ് |
| 2 | ജോൺസൺ | 1/298/B | 100 | കോഴി വളർത്തൽ ഷെഡ് |
| 3 | തോമൻ ഡേവീസ് | 1/318/A | 100 | കോഴി വളർത്തൽ ഷെഡ് |
| 4 | തോമൻ ഡേവീസ് | /370 | 50.8 | കോഴി വളർത്തൽ ഷെഡ് |
| 5 | ചാക്കു തോമസ് | 1/378 | 100 | കോഴി വളർത്തൽ ഷെഡ് |
| 6 | ചാക്കു തോമസ് | 1/378/C | 100 | കോഴി വളർത്തൽ ഷെഡ് |
| 7 | ബാബു | 1/386 | 140 | കോഴി വളർത്തൽ ഷെഡ് |
| 8 | EK തോമസ് | 1/427 | 50 | കോഴി വളർത്തൽ ഷെഡ് |
| 9 | SCB , കാടുകുറ്റി | 2/363 | 52.93 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 10 | സിജു | 4/103/C | 105 | കോഴി വളർത്തൽ |

| | | | | |
|---|---|---|---|---|
| | | | | ഷെഡ് |
| 11 | സിജു | 4/103/D | 194.48 | കോഴി വളർത്തൽ ഷെഡ് |
| 12 | കെ കെ മാർട്ടിൻ | 15/21/B | 100 | കോഴി വളർത്തൽ ഷെഡ് |
| 13 | തോമൻ ജോസ് | 16/82/A | 100 | കോഴി വളർത്തൽ ഷെഡ് |
| 14 | ആന്റണി | 16/130/A | 97.55 | കോഴി വളർത്തൽ ഷെഡ് |
| 15 | തോമൻ ജോസ് | 16/161/B | 100 | കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ ഫാമുകൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് വ്യക്തമാക്കേണ്ടതോടൊപ്പം ആയവ ലൈസൻസില്ലാതെയാണോ പ്രവർത്തിക്കുന്നത് എന്നതിന് മറുപടി ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല (ഓഡിറ്റ് അന്വേഷണം നമ്പർ 28/03.09.2024). മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന ഷെഡുകളിൽ പ്രവർത്തിക്കുന്ന ഫാമുകളുടെ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്. ലൈസൻസ് ഇല്ലാതെ ലൈവ്സ്റ്റോക്ക് ഫാമുകൾ മറ്റ് വാർഡുകളിലും പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## <u>1-13-1 ലേലം - നിയമവ്യവസ്ഥകൾ കൃത്യമായി പാലിക്കുന്നില്ല</u>

**ലേലം വിളിച്ച് ലേലം ഉറപ്പിച്ച ശേഷം ലേല തുക അടവാക്കാതെ ലേലം ക്യാൻസൽ ചെയ്തു കാണുന്നു.**
ലേലം/പുനർലേലം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ലേലം | മണ്ണിന്റെ അളവ് (M3) | ഉയർന്ന ലേലത്തുക | ലേലം കൊണ്ട ആളുടെ പേര് | ലേലം ക്യാൻസൽ ചെയ്യാനുണ്ടായ കാരണം | EMD | ഭരണ സമിതി തീരുമാനം |
|---|---|---|---|---|---|---|---|
| 1 | മണ്ണ് ലേലം- കൈരളി വേലത്തികടവ് റോഡ് - നീക്കം ചെയ്ത മണ്ണ് | 68.5 | 16,000 | തരൻസ് സിമേതി | ലേലത്തുക അടവാക്കിയില്ല | 500 | 24.03.2023 ലെ തീരുമാന നമ്പർ 6 (3) |
| 2. | | | 20,600 | ബാവു കെ എ | ലേലത്തുക അടവാക്കിയില്ല | 500 | 29.04.2023 ലെ തീരുമാന നമ്പർ 10 (1) |
| 3. | | | 16,000 | ജീജോ വർഗീസ് | ലേലത്തുക അടവാക്കിയില്ല | 500 | 16.06.2023 ലെ തീരുമാന നമ്പർ 34(2) |
| 4 | NAMBAD റിംഗ് റോഡ് - നീക്കം ചെയ്ത മണ്ണ് | 28.8 | 8,000 | ജീജോ വർഗീസ് | ലേലം കൊണ്ടയാൾ ലേലത്തിൽ നിന്ന് പിൻമാറി | 500 | 29.04.2023 ലെ തീരുമാന നമ്പർ 10 (2) |
| 5 | വട്ടക്കോട്ട മണ്ണ് ലേലം | 103.92 | 50,000 | തരൻസ് സിമേതി | ലേലം കൊണ്ടയാൾ ലേലത്തിൽ നിന്ന് പിൻമാറി | 600 | 07.11.2023 ലെ തീരുമാന നം. 22 |

1) കൈരളി വേലത്തികടവ് റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 68.5 M3 മണ്ണ് **21.03.2023** ന് ലേലം നടത്തിയിരുന്നു. ആരും ഏറ്റെടുക്കാത്തതിനെത്തുടർന്ന് **27.04.2023, 02.06.2023** എന്നീ തിയ്യതികളിൽ പുനർലേലം നടത്തിയിട്ടുണ്ട്. ശ്രീ. തരൻസ് സിമേതി കാവാലംപറമ്പിൽ , ശ്രീ. ബാവു കെ എ, ശ്രീ. ജീജോ വർഗീസ് എന്നവർ ലേലം വിളിക്കുകയും EMD തുകയായി 500 രൂപ അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ ലേലത്തുക അടവാക്കിയിട്ടില്ല. ആയതിനുള്ള കാരണം വ്യക്തമല്ല. ലേലം കൊണ്ടവർ ലേലത്തിൽ നിന്ന് പിന്മാറിയതായി അറിയിച്ചതിനെ തുടർന്ന് പുനർ ലേലം വിളിക്കുന്നതിനും ഇ.എം.ഡി തുക 500 രൂപ തിരിച്ച്

നല്കുന്നതിനും ഭരണ സമിതി തീരുമാനിച്ചതായി കാണുന്നു. തുടർന്ന് 16.06.2023 ലെ തീരുമാന നമ്പർ 34(2) പ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രവർത്തികൾക്ക് മണ്ണ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചു.

2) NABARD റിംഗ് റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 28.8 M3 മണ്ണ് **24.03.2023** ന് ലേലം ആരും ഏറ്റെടുക്കാത്തതിനെത്തുടർന്ന് **27.04.2023** ൽ പുനർലേലം നടത്തിയിട്ടുണ്ട്. ശ്രീ. ജീജോ വർഗീസ് എന്നവർ ലേലം വിളിക്കുകയും EMD തുകയായി 500 രൂപ അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ ലേലത്തുക അടവാക്കിയിട്ടില്ല. മണ്ണ് ആരും ഏറ്റെടുക്കാത്തതിനുള്ള കാരണം വ്യക്തമല്ല. ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുമില്ലാത്തതാണ്. ടിയാൻ ലേലത്തിൽ നിന്ന് പിന്മാറിയതായി അറിയിച്ചതിനെ തുടർന്ന് പുനർ ലേലം വിളിക്കുന്നതിനും ഇ.എം.ഡി തുക 500 രൂപ തിരിച്ച് നല്കുന്നതിനും ഭരണ സമിതി തീരുമാനിച്ചതായി കാണുന്നു. പിന്നീട് 02.06.2023 ന് നടത്തിയ ലേലത്തിൽ ആരും പങ്കെടുക്കാത്തതിനെത്തുടർന്ന് 16.06.2023ലെ തീരുമാന നമ്പർ 34(2) പ്രകാരം പഞ്ചായത്തിന്റെ വിവിധ പ്രവർത്തികൾക്ക് മണ്ണ് ഉപയോഗിക്കുന്നതിന് തീരുമാനിച്ചു.ഫയൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

3) വട്ടക്കോട്ട റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 23,913 രൂപ എസ്റ്റിമേറ്റഡ് വാല്യൂ ഉള്ള 103.92 M3 മണ്ണ് **26.10.2023** ന് ശ്രീ. തരൻസ് സിമേതി എന്നവർ 50,000 രൂപയ്ക്ക് ലേലം വിളിക്കുകയും EMD തുകയായി 500 രൂപ അടവാക്കുകയും ചെയ്തിരുന്നു. എന്നാൽ ലേലത്തുക അടവാക്കിയിട്ടില്ല. ടിയാൻ ലേലത്തിൽ നിന്ന് പിന്മാറിയതായി അറിയിച്ചതിനെ തുടർന്ന് ലേലം റദ്ദ് ചെയ്ത് പുനർലേലം വിളിക്കുന്നതിനും കൂട്ടിയിട്ടിരിക്കുന്ന മണ്ണിന്റെ അളവ് സംബന്ധിച്ച് അഭിപ്രായവിത്യാസം ഉന്നയിച്ചതിനെത്തുടർന്ന് സംയുക്ത പരിശോധന നടത്താൻ 07.11.2023 ലെ തീരുമാനം നം. 22 പ്രകാരം ഭരണ സമിതി തീരുമാനിച്ചതായി കാണുന്നു. സ്ഥല പരിശോധന റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമായില്ല. ഇ.എം.ഡി തുക 500 രൂപ തിരിച്ച് നല്കിയിട്ടുണ്ടോ എന്ന് ഫയലിൽ നിന്നും വ്യക്തമല്ല. 03.01.2024 ന് നടത്തിയ പുനർ ലേലത്തിൽ 103.92 M3 മണ്ണ് 24,500 രൂപയ്ക്ക് രാജൻ സി.കെ എന്നവർ ലേലം വിളിച്ചു.

മുകളിൽ ചേർത്ത എല്ലാ ലേലം/പുനർലേലത്തിന്റെയും അപാകങ്ങൾ ചുവടെ ചേർക്കുന്നു.

A) ലേലം നടത്തിയതിന്റെ എല്ലാ രേഖകളും കൃത്യമായി ഫയൽ ചെയ്യേണ്ടതാണ്. NABARD റിംഗ് റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത മണ്ണിന്റെ ലേല ഫയൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ലാത്തതാണ്.

B) ലേലം വിളിച്ച് ഉറപ്പിച്ചയാൾ ലേലത്തുക അടവാക്കാതെ ലേലം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ കെട്ടിവെച്ച EMD തുക തിരികെ നൽകേണ്ടതില്ല. എന്നാൽ കെട്ടിവെച്ച EMD തിരികെ നൽകുന്നതിന് ഭരണസമിതി തീരുമാനിച്ചതായി കണ്ടു. തിരികെ നൽകിയ EMD തുകകൾ പഞ്ചായത്തിനുണ്ടായ നഷ്ടമായി കണക്കാക്കി തിരികെ ഈടാക്കുന്നതിനും തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

C) ലേലത്തുക അടവാക്കാതെ ലേലം ഉപേക്ഷിക്കുന്ന സാഹചര്യത്തിൽ ആദ്യം ലേലം കൊണ്ടയാളിന്റെ നഷ്ടോത്തരവാദിത്തത്തിലാണ് പുനർലേലം നടത്തേണ്ടത്. എന്നാൽ മുകളിൽ പറഞ്ഞ എല്ലാ ലേലം/ പുനർലേലം നടത്തിയപ്പോളും ഇക്കാര്യങ്ങൾ ലംഘിക്കപ്പെട്ടു. ലേലം കൊണ്ടവരിൽ നിന്നും നഷ്ടം കണക്കാക്കി ഈടാക്കേണ്ടതാണ്.

ഉദാ: വട്ടക്കോട്ട മണ്ണ് ലേലത്തിൽ 50,000 രൂപയ്ക്ക് തരൻസ് സിമേതി വിളിച്ച മണ്ണിന് പിന്നീട് 24,500 രൂപയാണ് പുനർലേലത്തിൽ ലഭിച്ചത്. പഞ്ചായത്തിനുണ്ടായ 25,500 രൂപയുടെ നഷ്ടം ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

D) മേൽ പറഞ്ഞ പോലെ ലേലം വിളിച്ച് ഉറപ്പിച്ച ശേഷം ലേലത്തുക അടവാക്കാതെ ലേലം ഉപേക്ഷിക്കേണ്ട സാഹചര്യവും തുടർന്ന് പുനർലേലം നടത്തി നഷ്ടം സംഭവിക്കുന്ന സാഹചര്യവും ഉണ്ടായിട്ടുണ്ട്. ആദ്യം ലേലം വിളിച്ച്, പിന്നീട് ലേലം ഉപേക്ഷിച്ചവരെ പഞ്ചായത്തിന്റെ മറ്റ് ലേലങ്ങളിൽ പങ്കെടുക്കുന്നതിൽ നിന്നും വിലക്കേണ്ടതാണ്. എന്നാൽ ഇത്തരത്തിൽ പഞ്ചായത്തിന് നഷ്ടം വരുത്തിവെച്ച തരൻസ് സിമേതി, ജീജോ വർഗീസ് എന്നിവർ തുടർന്നും പല ലേലങ്ങളിൽ പങ്കെടുക്കുന്നതായും തുടർന്നും ലേലത്തുക അടവാക്കാതെ ലേലം ഉപേക്ഷിക്കുന്നതായും കണ്ടു. മേൽ പട്ടികയിൽ തന്നെ ഇവർ 2 തവണ ലേലം ഉപേക്ഷിച്ചതായി കാണാം. ഇത്തരത്തിലുള്ളവരെ ലേല നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് ഉദ്യോഗസ്ഥരും ഭരണസമിതിയും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

മേൽ ചേർത്ത അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.29/03.09.2024). മറുപടി ലഭ്യമാക്കേണ്ടതാണ്.

## <u>1-13-2 സമയബന്ധിതമായി ലേലം നടത്തുന്നില്ല</u>

A) **വൻപുഴക്കാവ് റോഡ് പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നീക്കം ചെയ്ത 93.625m3 മണ്ണ് നാളിതുവരെയായിട്ടും ലേലം ചെയ്തിട്ടില്ല.** (ഫയൽ നം. 6288/2023)

അസി.എഞ്ചിനീയർ **30.10.2023** ന് നടത്തിയ സ്ഥല പരിശോധന റിപ്പോർട്ട് പ്രകാരം വൻപുഴക്കാവ് റോഡിന് സമീപം കൂട്ടിയിട്ട 93.625 M3 മണ്ണിന്റെ വാല്യൂവേഷൻ 21,544 എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ലേല നടപടികൾ നാളിതുവരെയായിട്ടും പൂർത്തീകരിച്ചിട്ടില്ല. ആയതിന് കാരണം വ്യക്തമാക്കേണ്ടതാണ്. ലേലം പൂർത്തീകരിച്ച് വരവ്, തനത് ഫണ്ടിൽ മുതൽ കൂട്ടുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

B) **മത്സ്യക്കുളം ലേലം വർഷങ്ങളായി നടക്കുന്നില്ല**

ലേലം രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2019-20, 2020-21 വർഷങ്ങളിൽ മത്സ്യക്കുളങ്ങൾ ലേലം ചെയ്ത വകയിൽ പഞ്ചായത്തിന് ധാരാളം വരവ് ഉണ്ടായിരുന്നു. എന്നാൽ നിലവിൽ മത്സ്യക്കുളം ലേലം വർഷങ്ങളായി നടക്കുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്. മത്സ്യക്കുളം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1. ചേര്യക്കുളം
2. ചാത്തൻചാൽ
3. പൊതുതോട് മുതൽ കല്ലൂർ ചാത്തക്കടവ് വരെ
4. അന്നനാട് വടക്കേചാൽ
5. അന്നനാട് തെക്കേചാൽ
6. ആറങ്ങാലിക്കടവ് മുതൽ ഞർളക്കടവ് വരെ
7. ഞർളക്കടവ് മുതൽ പാണിച്ചക്കടവ് വരെ
8. പാണിച്ചക്കടവ് മുതൽ പെരുതോട് വരെ

C) ബസ്സ് സ്റ്റാന്റിൽ ബസ് കയറി ഇറങ്ങുന്നതിനുള്ള കളക്ഷന്റെ ലേലം 2019-20 ന് ശേഷം നടന്നതായി കാണുന്നില്ല. ആയതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

മേൽ ചേർത്ത അപാകങ്ങൾക്ക് മറുപടി ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടി ലഭ്യമായില്ല (ഓഡിറ്റ് അന്വേഷണം നം.29/03.09.2024). മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-14 വസ്തുനികുതി -മേഖലാ നിർണയത്തിലെ അപാകങ്ങൾ

പഞ്ചായത്തിലെ വസ്തുനികുതിയുമായി ബന്ധപ്പെട്ട ഫയലുകൾ, സോഫ്റ്റ്‌വെയർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ ഒരേ പ്രദേശത്തെ സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ഥ മേഖല നിർണ്ണയം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ 1, 16 എന്നീ വാർഡുകൾ വാർഡ് മാത്രം പരിശോധിച്ചതിൽ കണ്ടെത്തിയ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | പ്രദേശം | റോഡ് തരം | മേഖല |
|---|---|---|---|---|---|
| 1 | 1/5/A | അന്തോണി | വൈന്തല കാരണിപുറം റോഡ് | 1.5മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 2 | 1/4 | ചക്കൻ | വൈന്തല കാരണിപുറം റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 3 | 1/18/A | സുഭാഷ് | ലാലിയം പറമ്പ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | തൃതീയം |
| 4 | 1/20 | പെങ്ങൻ വേലായുധൻ | ലാലിയം പറമ്പ് കോളനി റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | തൃതീയം |
| 5 | 1/21 | കൃഷ്ണൻ | ലാലിയം പറമ്പ് കോളനി റോഡ് | 1.5 മീറ്ററോ അതിൽ കുറവ് | ദ്വിതീയം |
| 6 | 1/36 | കാച്ചപ്പിള്ളി ദേവസ്സി ബെന്നി | വൈന്തല കോൺവെന്റ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |

| | | | | | |
|---|---|---|---|---|---|
| 7 | 1/37 | മഞ്ഞളി ഔസേഫ് ഫ്രാൻസിസ് | വൈന്തല കോൺവെന്റ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 8 | 1/33/A | മദർ സുപ്പീരിയർ | വൈന്തല കോൺവെന്റ് റോഡ് | 1.5 മീറ്ററിൽ കുടുതൽ | ദ്വിതീയം |
| 9 | 1/40 | സോളമൻ | വൈന്തല കോൺവെന്റ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 10 | 1/87 | ബാബു | വൈന്തല പാണ്ടിച്ചിക്കടവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | ദ്വിതീയം |
| 11 | 1/88 | ജെയിംസ് റോഷൻ | വൈന്തല പാണ്ടിച്ചിക്കടവ് റോഡ് | 1.5 മീറ്ററിൽ കൂടുതൽ | പ്രഥമം |
| 12 | 16/436 | തോമസ് സി.എ | വൈന്തല PWD റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | പ്രഥമം |
| 13 | 16/437 | തോമസ് സി.എ | വൈന്തല PWD റോഡ് | 5 മീറ്ററോ അതിൽ കൂടുതൽ | ദ്വിതീയം |

വസ്തു നികുതി പരിഷ്കരണം നിലവിൽ വന്ന സാഹചര്യത്തിൽ മേഖലകൾ തിരഞ്ഞെടുക്കുന്നതിലെ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതായിരുന്നു. 1, 16 എന്നീ വാർഡുകളിലെ പരിശോധനയിൽ മാത്രമായി മുകളിൽ ചേർത്തിരിക്കുന്ന അപാകങ്ങൾ നിലനിൽക്കുന്നതായി കണ്ടെത്തി. പട്ടികയിൽ സൂചിപ്പിച്ച കെട്ടിടങ്ങളെ ഭരണസമിതി അംഗീകരിച്ച മേഖലകളിൽ ഉൾപ്പെടുത്തേണ്ടതും ആയതുപ്രകാരം നികുതി നിർണ്ണയിച്ച് വിവരം അറിയിക്കേണ്ടതുമാണ്. മറ്റ് വാർഡുകളിലും ഇത്തരത്തിലുള്ള അപാകതയുണ്ടെങ്കിൽ ആയതും പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നം.16/3.9.2024).

## 1-15 പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്

2019 കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഒക്യുപൻസി സർട്ടിഫിക്കറ്റ് നൽകി രണ്ടു വർഷത്തിനുശേഷം പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തേണ്ടതാണ്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50 ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള കെട്ടിടങ്ങൾക്ക് ഒക്യുപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണ്. പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തിയതിന്റെ വിവരം, ഇത്തരം പരിശോധനയിലൂടെ ഒക്യുപൻസിയിലുണ്ടായിട്ടുള്ള മാറ്റം, അധിക നിർമ്മാണം എന്നിവ കണ്ടെത്താനായതിന്റെ വിശദാംശങ്ങൾ എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 21/03.09.2024) ഇത്തരത്തിൽ പരിശോധന നടത്താറില്ലെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യുപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ ഉണ്ടെങ്കിൽ കണ്ടെത്തേണ്ടതും നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-16 കെട്ടിടങ്ങളുടെ ക്രമവത്ക്കരണം -തുടർനടപടികൾ സ്വീകരിച്ചില്ല

കെട്ടിടങ്ങളുടെ ക്രമവത്ക്കരണവുമായി ബന്ധപ്പെട്ട അപേക്ഷകൾ, രജിസ്റ്റർ ആയവ പരിശോധിച്ചതിൽ താഴെ ചേർത്തിട്ടുള്ള കെട്ടിടങ്ങൾ ക്രമവത്ക്കരിക്കുവാൻ അപേക്ഷ ലഭ്യമായിരുന്നെങ്കിലും നടപടികൾ പൂർത്തിയായതായി കാണുന്നില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| **കറന്റ് നമ്പർ** | **അപേക്ഷകൻ** | **കെട്ടിടത്തിന്റെ തരം** | **ഫ്ലോർ ഏരിയ** | **റിമാർക്ക്സ്** |
|---|---|---|---|---|
| 6644/2023 | വികാരി, സെന്റ് സെബാസ്റ്റ്യൻസ് ചർച്ച്, കല്ലൂർ | വിദ്യാഭ്യാസം | 580.24M2 | 1. സർവെ നമ്പറുകളുടെ സ്കെച്ച് പൂർണമായും ലഭ്യമാക്കിയിട്ടില്ല.<br>2. സൈറ്റിൽ ഉൾപ്പെട്ട എല്ലാ കെട്ടിടങ്ങളുടേയും വിസ്തീർണ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.<br>3. Plan-ൽ Demolished ആയി കാണിച്ച കെട്ടിടങ്ങൾ സൈറ്റിൽ നിലനിൽക്കുന്നു. അസ്സെസ്സ്മെന്റ് രജിസ്റ്റർ പ്രകാരംനിലനിൽക്കുന്ന കെട്ടിടങ്ങളുടെ വിസ്തീർണത്തിൽ വ്യത്യാസം, അധികരിച്ച ഏരിയ പൊളിച്ചു നീക്കുകയോ ക്രമവൽക്കരിക്കുകയോ ചെയ്യേണ്ടതാണ്.<br>മേൽ അപാകതകൾ സൂചിപ്പിച്ച് 18.12.2023 ന് 400744/BRAS01/GPO/2023 നമ്പർ കത്ത് അയച്ചിട്ടുണ്ട്. |
| 3318/2023 | വികാരി, സെന്റ് തോമസ് ചർച്ച്, അമ്പഴക്കാട് | ശ്മശാനം | 118.89M2 | 1) നിലവിലുള്ള കെട്ടിടങ്ങളുടെ (ചർച്ച് ബിൽഡിങ്ങ്, പാരിഷ് ഹാൾ, ഷോപ്പ്, സ്കൂൾ കെട്ടിടം, പ്രീസ്റ്റ് ഹൗസ്, ഷെഡ് എന്നിവയുടെ നിർമ്മിത വിസ്തീർണങ്ങൾ അസ്സസ്മെന്റ് രജിസ്റ്ററുമായി പൊരുത്തമില്ല.<br>2) കൂടുതൽ വിസ്തീർണമുള്ള കെട്ടിടങ്ങൾ ക്രമവൽക്കരിക്കേണ്ടതാണ്.<br>3. ചട്ടം 5(4) പ്രകാരം ജില്ലാകളക്ടറുടെ NOC, ഗ്രൂപ്പ് I ൽ വരുന്ന നിർമാണങ്ങൾക്ക് ജില്ലാ ടൗൺപ്ലാനറുടെ ലെ ഔട്ട് അപ്രൂവൽ, എന്നിവ വാങ്ങേണ്ടതാണ്. അപാകതകൾ സൂചിപ്പിച്ച് 3.7.2023 ന് 400744/BPRL01/GPO/2023/3318(1) പ്രകാരം കത്ത് നല്കിയിട്ടുണ്ട്. |

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം. 17/3.9.24) തുടർ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കുന്നതാണെന്ന് മറുപടി ലഭ്യമായിട്ടുണ്ട്. തുടർവിവരങ്ങൾ

അറിയിക്കേണ്ടതാണ്.

## 1-17 ഒരേ ഇൻവോയ്സ് പ്രകാരം രണ്ട് തവണ തുക നൽകി

നിർവഹണോദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്. സി)

പ്രോജക്ട് നം: 6/24-കാടുകുറ്റി എഫ്.എച്ച്.സി മരുന്ന് വാങ്ങൽ

അടങ്കൽ തുക : 1300000 രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

ചെലവ് തുക : 1151521 രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം)

മേൽ പദ്ധതിയിൽ ജൻ ഔഷധികേന്ദ്ര, വരന്തരപ്പിള്ളിയുടെ ഇൻവോയ്സ് നമ്പർ PMB/VAR/0323, തീയതി : 04.11.2023 പ്രകാരം ലഭ്യമായ മരുന്നിന്റെ വിലയായ 14856 രൂപയും ഇൻവോയ്സ് നമ്പർ PMB/VAR/0004, തീയതി : 06.04.2023 പ്രകാരം ലഭ്യമായ മരുന്നിന്റെ വിലയായ 14996 രൂപയും ജൻ ഔഷധികേന്ദ്ര, വരന്തരപ്പിള്ളിക്ക് രണ്ട് തവണ കൊടുത്തിട്ടുള്ളതായി ഫയൽ പരിശോധനയിൽ കണ്ടു. മേൽ ഇൻവോയ്സുകൾ പ്രകാരം ലഭ്യമായ മരുന്നുകൾ യഥാക്രമം KL00820/FP/00059/23-24, തീയതി : 05.11.2023 , KL00820/FP/00001/23-24, തീയതി : 10.04.2023 എന്നിങ്ങനെ സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. തുക നല്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇൻവോയിസ് നമ്പർ/തീയതി | തുക |
|---|---|---|---|---|
| 1 | 42301548 | 08-11-2023 | **PMB/VAR/0323/4.11.2023,**PMB/VAR/0139/10.08.2023, PMB/VAR/0180/02.09.2023 | 44614 (**14856** +14840+14918) |
| 2 | 42301703 | 16-02-2024 | **PMB/VAR/0323/4.11.2023,** PMB/VAR/0373/ 30.11.2023 | 64846 (**14856**+49990) |
| 3 | 42301469 | 19-05-2023 | **PMB/VAR/0004/6.4.2023** | **14996** |
| 4 | 42301495 | 14-06-2023 | **PMB/VAR/0004/6.4.2023,** PMB/VAR/0040/20.05.2023, PMB/VAR/0049/01.06.2023 | 44994 (**14996**+14999+14999) |

അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ജൻ ഔഷധികേന്ദ്ര, വരന്തരപ്പിള്ളിയിൽ നിന്നും വാങ്ങിയ മരുന്നിന്റെ വില ഇനിയും കൊടുക്കുവാനുണ്ടെന്നും പ്രസ്തുത ഇൻവോയ്സുകളിലൂടെ അധികം നല്കിയ തുക ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക (29852 രൂപ) ക്രമീകരിക്കുകയോ തിരികെ അടവാക്കുകയോ ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 4/29.08.2024&9/02.09.2024)

## 1-18 പെയിൻ &പാലിയേറ്റീവ് -അപാകതകൾ

നിർവഹണോദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
പ്രോജക്ട് നമ്പർ : 4/24 (പെയിൻ & പാലിയേറ്റീവ്)

അടങ്കൽ തുക : 836780 രൂപ {636780 (വികസനഫണ്ട് ജനറൽ) + 100000 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 100000 (ജില്ലാ പഞ്ചായത്ത് വിഹിതം)}

ചെലവ് തുക : 458998 രൂപ {261428 (വികസനഫണ്ട് ജനറൽ) + 99430 (ബ്ലോക്ക് പഞ്ചായത്ത് വിഹിതം) + 98140 (ജില്ലാ പഞ്ചായത്ത് വിഹിതം)}

മേൽ പദ്ധതിയിൽ ജൻ ഔഷധികേന്ദ്ര, വരന്തരപ്പിള്ളിയുടെ ഇൻവോയ്സ് നമ്പർ PMB/VAR/0048, തീയതി : 31.05.2023 പ്രകാരം ലഭ്യമായ മരുന്നിന്റെ വിലയായ 14998 രൂപ ജൻ ഔഷധികേന്ദ്ര, വരന്തരപ്പിള്ളിക്ക് രണ്ട് തവണ കൊടുത്തിട്ടുള്ളതായി ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. മേൽ ഇൻവോയ്സ് പ്രകാരം ലഭ്യമായ മരുന്നുകൾ KL00820/FP/00009/23-24, തീയതി : 31.05.2023 പ്രകാരം സ്റ്റോക്കിൽ എടുത്തിട്ടുണ്ട്. തുക നല്കിയതിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വൗച്ചർ നമ്പർ | തീയതി | ഇൻവോയിസ് നമ്പർ/ തീയതി | തുക |
|---|---|---|---|---|
| 1 | 42301499 | 17-06-2023 | **PMB/VAR/0048/31.5.2023** | **14998** |
| 2 | 42301675 | 14-09-2023 | **PMB/VAR/0048/31.5.2023,** Invoice No.787/8.7.2023 | 25362 (**14998**+10364) |

അപാകത സൂചിപ്പിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ജൻ ഔഷധികേന്ദ്ര, വരന്തരപ്പിള്ളിയിൽ നിന്നും വാങ്ങിയ മരുന്നിന്റെ വില ഇനിയും കൊടുക്കുവാനുണ്ടെന്നും പ്രസ്തുത ഇൻവോയ്സുകളിലൂടെ അധികം നല്കിയ തുക ക്രമീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അധികം നൽകിയ തുക (14998 രൂപ) ക്രമീകരിക്കുകയോ തിരികെ അടവാക്കുകയോ ചെയ്ത് രേഖകൾ ഹാജരാക്കേണ്ടതാണ് (ഓഡിറ്റ് അന്വേഷണം നമ്പർ 9/02.09.2024)

## 1-19 മരുന്നുകൾ പൂർണമായും ലഭ്യമായിട്ടില്ല

1) നിർവഹണോദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

| | |
|---|---|
| പ്രൊജക്ട് നമ്പർ/പേര് | 6/24-കാടുകുറ്റി എഫ്.എച്ച്.സി മരുന്ന് വാങ്ങൽ |
| അടങ്കൽ | 1300000 രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ചെലവ് | 1151521 രൂപ (മെയിന്റനൻസ് ഫണ്ട് -റോഡിതരം) |
| ഓഡിറ്റ് എൻകയറി/ തീയതി | 3/29.08.2024 |

വൗച്ചർ നമ്പർ 42301679/03.10.2023 പ്രകാരം 400000 രൂപ KMSCL ന് കൈമാറിയതിൽ (പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF1514/29.9.2023) 291702 രൂപയുടെ മരുന്നും വൗച്ചർ നമ്പർ 42301654/22.07.2023 പ്രകാരം 500000 രൂപ KMSCL ന് കൈമാറിയതിൽ (പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF660/19.07.2023) 421236 രൂപയുടെ മരുന്നുമാണ് ലഭ്യമായിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കി സ്റ്റോക്കിലെടുത്ത് രേഖകൾ ഹാജരാക്കേണ്ടതാണ്.

2) നിർവഹണോദ്യോഗസ്ഥ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
പ്രോജക്ട് നമ്പർ : 4/24(പെയിൻ &പാലിയേറ്റീവ് )

അടങ്കൽ തുക : 836780 രൂപ {636780 രൂപ ( വികസനഫണ്ട് ജനറൽ) + 100000 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 100000 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)}

ചെലവ് തുക : 458998 രൂപ {261428 രൂപ ( വികസനഫണ്ട് ജനറൽ) +99430 രൂപ (ബ്ലോക്ക് പഞ്ചായത്ത് വിഹിതം + 98140 രൂപ (ജില്ലാ പഞ്ചായത്ത് വിഹിതം)}

മേൽ പദ്ധതിയിൽ വൗച്ചർ നമ്പർ 42301662/11-08-2023 പ്രകാരം 60158 രൂപ KMSCL ന് കൈമാറിയതിൽ (പ്രൊഫോർമ ഇൻവോയ്സ് നമ്പർ PRF671/21.07.2023) 54418 രൂപയുടെ മരുന്ന് ലഭ്യമായിട്ടുണ്ട്. ബാക്കി തുകയായ 5740 രൂപയുടെ മരുന്ന് ലഭ്യമാക്കി രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

## 1-20 ഇലക്ട്രിഫിക്കേഷൻ പ്രവൃത്തിയ്ക്ക് മുൻകൂർ തുക- പ്രവൃത്തി ആരംഭിച്ചിട്ടില്ല

പ്രോജക്ട് നമ്പർ-153/24 പഞ്ചായത്ത് ഓഫീസിലേയ്ക്കും അനുബന്ധ കെട്ടിടങ്ങളിലേയ്ക്കും ഇലക്ട്രിഫിക്കേഷൻ പുനരുദ്ധാരണ പ്രവർത്തനങ്ങളും ജനറേറ്റർ വാങ്ങി സ്ഥാപിക്കലും

പദ്ധതി അടങ്കൽ- 1479140 വികസനഫണ്ട് (ജനറൽ), 100000 (തനത് ഫണ്ട്)

പദ്ധതി ചെലവ്- 1479140 വികസനഫണ്ട് (ജനറൽ)

വൗച്ചർ നമ്പർ - 42301465/ 17.05.23

നിർവ്വഹണം - സെക്രട്ടറി

പഞ്ചായത്ത് ഓഫീസിലേയ്ക്കും അനുബന്ധ കെട്ടിടങ്ങളിലേയ്ക്കുമുള്ള ഇലക്ട്രിഫിക്കേഷൻ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കും ജനറേറ്റർ വാങ്ങി സ്ഥാപിക്കുന്നതിനുമായി 1479140 രൂപ പി.ഡബ്ല്യു.ഡി ഇലക്ട്രിക്ക് സെക്ഷന് 17.05.2023 ന് നൽകിയിട്ടുണ്ട്. തൃശ്ശൂർ പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ 27.02.2023 തിയതിയിലെ PWD/BLDG/EST/2987/23/6-1-1 നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ എസ്റ്റിമേറ്റ് പ്രകാരം, വർക്ക് എസ്റ്റിമേറ്റ് തുകയായ 1300000 രൂപയും സെന്റേജ് ചാർജ്ജായ 179140 രൂപയും ഉൾപ്പടെ 1479140 രൂപയാണ് മേൽ പ്രോജക്ടു പ്രകാരം പി.ഡബ്ല്യു.ഡി യ്ക്ക് തുക മുൻകൂർ നൽകിയിട്ടുള്ളത്. പതിനാലാം പഞ്ചവൽസര പദ്ധതി മാർഗരേഖ പ്രകാരം തദ്ദേശഭരണ സ്ഥാപനം ബന്ധപ്പെട്ട ഏജൻസിയുമായി കരാറിൽ ഏർപ്പെട്ടതിനുശേഷം മാത്രമേ തുക മുൻകൂർ നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഏജൻസിയുമായി പഞ്ചായത്ത് കരാറിൽ ഏർപ്പെട്ടിട്ടില്ല. തുക നൽകി ഒരു വർഷത്തിലധികമായിട്ടും ഏജൻസി പ്രവൃത്തി ആരംഭിച്ചില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ESDT-11389/2024 Dt.2.09.2024 നമ്പർ കത്ത് ലഭ്യമാക്കി. പ്രസ്തുത പ്രവൃത്തി മൂന്ന് തവണ ടെണ്ടർ ചെയ്യുകയും ആരും തന്നെ ടെണ്ടർ ക്വാട്ട് ചെയ്യാത്ത സാഹചര്യത്തിലും ജനറേറ്ററിന്റെ സ്പെസിഫിക്കേഷൻ പോലുഷൻ കൺട്രോൾ ബോർഡിന്റെ അടിസ്ഥാനത്തിൽ ആയതിനാലും എസ്റ്റിമേറ്റ് റീ കാസ്റ്റ് ചെയ്യപ്പോൾ വരുന്ന ബാലൻസ് തുക ഡെപ്പോസിറ്റ് ചെയ്യണമെന്നാണ് കത്ത് പ്രകാരം അറിയിച്ചിട്ടുള്ളത്.
2024-25 സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ബാലൻസ് തുക ഡെപ്പോസിറ്റ് ചെയ്ത് പി.ഡബ്ല്യു.ഡി ഇലക്ട്രിക്കൽ സബ്ഡിവിഷൻ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുമായി കരാറിലേർപ്പെടുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കി. തുടർ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 5/31.08.2024

## 1-21 ഹോമിയോ മരുന്ന് ലഭ്യമായില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ 20/24 നമ്പർ പ്രോജക്ടിൽ ഹോമിയോ ഡിസ്പെൻസറിയിലേയ്ക്ക് മരുന്ന് വാങ്ങുന്നതിനായി താഴെപ്പറയും പ്രകാരം തുക ഹോംകോയ്ക്ക് മുൻകൂർ നൽകിയിട്ടുണ്ട്.

| പ്രോജക്ട് നം, പേര് | ഫണ്ടിനം | വൗച്ചർ നം. | പ്രൊഫോർമ ഇൻവോയ്സ് | മരുന്നുകൾക്ക് നല്കിയ തുക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| | | തിയതി | നം. തിയതി. | |
| 20/24-ഹോമിയോ മരുന്ന് വാങ്ങൽ. | മെയിന്റനൻസ് ഫണ്ട് (റോഡിതരം) | 42301695/ 23.01.2024 | PF -764 Dtd.6.11.23. | 150000 |

62092 രൂപയുടെ മരുന്നുകൾ LF-947/19.08.24 പ്രകാരം 28.08.2024 നാണ് ലഭ്യമായിട്ടുള്ളത്. 87908 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 7/31.08.2024

## 1-22 ആറങ്ങാലി ഫെസ്റ്റ് - അനുമതി വിവരം ലഭ്യമാക്കേണ്ടതാണ്

പ്രോജക്റ്റ് നമ്പർ - 71/24 , സാംസ്‌കാരികം- ആറങ്ങാലി ഫെസ്റ്റ് 2023-24

പദ്ധതി അടങ്കൽ - 100000 (തനത് ഫണ്ട്)

പദ്ധതി ചെലവ് - 100000

വൗച്ചർ നമ്പർ – 22300250/06.06.2023

നിർവ്വഹണം - സെക്രട്ടറി

ആറങ്ങാലി മണപ്പുറത്ത് 29.05.2023, 30.05.2023 എന്നീ തിയ്യതികളിൽ നടത്തിയ ഫെസ്റ്റിവലിനായി മേൽ പദ്ധതി പ്രകാരം 100000 രൂപ ചെലവഴിച്ചിട്ടുണ്ട്. സൗണ്ട്, സ്റ്റേജ് എന്നീ ആവശ്യങ്ങൾക്കായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്. കലാ സാംസ്കാരിക കായിക വികസനം, യുവജനക്ഷേമം എന്ന മേഖലയിൽ ഉൾപ്പെടുത്തിയാണ് പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കിയിട്ടുള്ളത്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖയിൽ (സ.ഉ(കൈ) നം.115/2022/തസ്വഭവ തീയതി. 28.05.2022) ഖണ്ഡിക '7.7 കലാ സാംസ്കാരിക കായിക വികസനം' എന്ന ഭാഗത്ത് ഇപ്രകാരമുള്ള പ്രോജക്റ്റ് തയ്യാറാക്കുന്നതിന് നിർദ്ദേശമില്ല. മേൽ പദ്ധതി പ്രകാരം തുക ചെലവ് ചെയ്തതിന് അടിസ്ഥാനമാക്കിയ അനുമതി/ഉത്തരവ് ലഭ്യമാക്കാൻ ആവശ്യപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ചെലവിനെ സാധൂകരിക്കുന്ന ഉത്തരവ് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 20/03.09.2024

## 1-23 ലൈഫ് മിഷൻ വായ്പ -ആകെ ലഭ്യമായ തുകയേക്കാൾ അധിക തുക തിരിച്ചടച്ചു

2023-24 വർഷത്തെ വികസനഫണ്ടിൽ നിന്നും താഴെപ്പറയുംപ്രകാരം ലൈഫ് മിഷൻ പട്ടികജാതി വിഹിതം കുറവ് ചെയ്തിട്ടുണ്ട്. ലൈഫ് മിഷൻ ഭവനവായ്പയായി പട്ടികജാതി വിഭാഗത്തിന് ആകെ വായ്പ ഇനത്തിൽ ലഭ്യമായ തുക 680000/-രൂപ മാത്രമാണ്. എന്നാൽ വായ്പ രജിസ്റ്റർ പരിശോധിച്ചത് പ്രകാരം നാളിതുവരെ താഴെ പറയും പ്രകാരം തിരിച്ചടവ് നടത്തിയിട്ടുണ്ട്.

| വർഷം | തിരിച്ചടച്ച തുക (ഉറവിടത്തിൽ നിന്നും കുറവ് ചെയ്തത്) |
|---|---|
| 2019-20 | 44118 |
| 2020-21 | 219882 |
| 2021-22 | 245667 |
| 2022-23 | 357347 |
| 2023-24 | 357347 |
| ആകെ | 1224361 |

ആകെ ലഭ്യമായ തുകയേക്കാൾ 544361/-രൂപ അധികമായി കുറവ് ചെയ്തിട്ടുണ്ട്. സ.ഉ.(കൈ).നം.11/2018 തസ്വഭവ തി. 29.01.2018 പ്രകാരം പട്ടികജാതി പദ്ധതി വിഹിതം പാഴാക്കാനോ വകമാറ്റി ചെലവഴിക്കാനോ പാടുള്ളതല്ല. ഇക്കാര്യം സർക്കാരിനെ അറിയിച്ച് തുക ക്രമീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 18/3.09.2024

## 1-24 മുൻകൂർ തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ വീട് വാസയോഗ്യമാക്കിയില്ല

1. പ്രോജക്റ്റ് നമ്പർ- 30/24 , വീട് വാസയോഗ്യമാക്കൽ (എസ്.സി)

ഫണ്ടിനം- വികസനഫണ്ട് (എസ്.സി.പി)

പദ്ധതി അടങ്കൽ- 1600000

പദ്ധതി ചെലവ്- 700000

നിർവ്വഹണം - വി.ഇ.ഒ

വീട് വാസയോഗ്യമാക്കുന്നതിന് ഒരു ഗുണഭോക്താവിന് 1,00,000 രൂപ വീതം നൽകുന്നതാണ് പദ്ധതി. അഡ്വാൻസ് തുകയായി 50,000രൂപയും പൂർത്തീകരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബാക്കി തുക നൽകുകയുമാണ് ചെയ്യുന്നത്. തുക മുൻകൂർ നൽകിയിട്ടും പണി പൂർത്തിയാക്കാത്ത ഗുണഭോക്താക്കളുടെ വിവരം താഴെ ചേർക്കുന്നു.

| ഗുണഭോക്താവ് | തുക | തിയതി |
|---|---|---|

| | | |
|---|---|---|
| രാജൻ കെ.കെ | 50000 | 25.03.24 |
| ഉണ്ണികൃഷ്ണൻ കെ.പി | 50000 | 25.03.24 |
| ലീല കെ.വി | 50000 | 25.03.24 |
| മിനി എം.എസ് | 50000 | 25.03.24 |
| ജാനകി സുബ്രൻ | 50000 | 25.03.24 |
| വേലായുധൻ ഒ.പി | 50000 | 25.03.24 |

2. പ്രോജക്ട് നമ്പർ- 29/24 , വീട് വാസയോഗ്യമാക്കൽ (ജനറൽ)

പദ്ധതി അടങ്കൽ- വികസനഫണ്ട് (പൊതുവിഭാഗം)1100000, സി.എഫ്.സി 500000

പദ്ധതി ചെലവ്- 1വികസനഫണ്ട് (പൊതുവിഭാഗം)1075000, സി.എഫ്.സി 50000

നിർവ്വഹണം - വി.ഇ.ഒ

വീട് വാസയോഗ്യമാക്കുന്നതിന് ഒരു ഗുണഭോക്താവിന് 50,000 രൂപ നൽകുന്ന പദ്ധതിയിൽ 25000 രൂപ അഡ്വാൻസായും പണിപൂർത്തീകരിക്കുന്ന മുറയ്ക്ക് 25000 രൂപയും നൽകിവരുന്നു. അഡ്വാൻസായി തുക കൈപ്പറ്റിയ താഴെപ്പറയുന്ന ഗുണഭോക്താക്കൾ പണി പൂർത്തീകരിച്ചിട്ടില്ല.

| ഗുണഭോക്താവ് | തുക | തിയതി |
|---|---|---|
| എൽസി വർഗ്ഗീസ് | 25000 | 25.03.24 |
| ഹണി ലോപ്സ് | 25000 | 25.03.24 |
| അമ്മു പാണ്ടിവളപ്പിൽ | 25000 | 25.03.24 |

എസ്റ്റിമേറ്റ് പ്രകാരമുള്ള പണിപൂർത്തീകരിച്ച് വീട് വാസയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം 8/31.08.2024

## <u>1-25 ലൈഫ് ഭവനനിർമ്മാണം- പൂർത്തിയാക്കിയിട്ടില്ല</u>

**(എ) പ്രോജക്ട് നമ്പർ- 24/24 , ലൈഫ് ഭവനനിർമ്മാണം (ജനറൽ)**

വി.ഇ.ഒ, വൈന്തല (സർക്കിൾ) നടപ്പിലാക്കിയ ലൈഫ് ഭവന നിർമ്മാണം എന്ന പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

| നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 40000 | 26.04.23 | ഉഷ വേലായുധൻ |
| 350000 | 23.07.23 | സത്യഭാമ |
| 249246 | 28.05.24 | രതീഷ് (ലളിത) |
| 350000 | 28.05.24 | ലിസി ജോസ് പെരേര |
| 300000 | 23.07.24 | രതീഷ് പനയ്ക്കലവളപ്പിൽ |
| 350000 | 5.08.24 | മെജോമോൾ സൈജു |
| 350000 | 5.08.24 | സിൽവി ബിജു |
| 349246 | 11.07.24 | ആൻസി ജോബി |
| 359246 | 5.08.24 | ഐബി ആൽസിലി പിൻഹീറോ |
| 350000 | 12.06.24 | സിന്ധു സുധീഷ് |
| 40000 | 15.03.24 | ബിജു മാളിയേക്കൽ |
| 310000 | 23.07.24 | മിനി ബിജു |
| 300000 | 5.08.24 | ആനി ജോർജ്ജ് |
| 300000 | 2.03.24 | പ്രമീള സജി |
| 350000 | 23.07.24 | ഗോപി തടത്തിൽ |
| 350000 | 28.05.24 | സിജി ഷാജു |
| 350000 | 5.08.24 | ഷേർളി ഗണേശൻ |
| 300000 | 28.05.24 | സരിത എം.എം |
| 240754 | 5.08.24 | പുഷ്പ രമേശൻ |
| 190754 | 24.03.24 | ഷൈനി അനിൽകുമാർ |
| 250000 | 5.08.24 | സുനിത സഹീർ |
| 200754 | 5.08.24 | ബൈജു പി.വി |
| 300000 | 5.08.24 | നിഷൈബ ഹുസൈൻ |

| | | |
|---|---|---|
| 360000 | 5.08.24 | രമണി കെ. |

ഉഷ വേലായുധൻ, ബിജു മാളിയേക്കൽ എന്നീ ഗുണഭോക്താക്കൾ മുൻകൂർ തുക കൈപ്പറ്റിയിട്ടും നാളിതു വരെ പണി ആരംഭിച്ചിട്ടില്ല.

**ബി) പ്രോജക്ട് നമ്പർ- 26/24 , ലൈഫ് ഭവനനിർമ്മാണം (എസ്.സി)**

വി.ഇ.ഒ, വൈന്തല സർക്കിൾ നടപ്പിലാക്കിയ മേൽ പ്രൊജക്ടിൽ ഭവന നിർമ്മാണത്തിന് തുക കൈപ്പറ്റിയ ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിവരങ്ങൾ താഴെ ചേർക്കുന്നു

| നൽകിയ തുക | അവസാന ഗഡു കൈപ്പറ്റിയ തിയതി | ഗുണഭോക്താവിന്റെ പേര് |
|---|---|---|
| 350000 | 12.07.23 | വത്സല |
| 290000 | 24.03.24 | ഓമന വേലായുൻ |
| 250000 | 1.09.23 | രജിത രാജു |
| 350000 | 27.06.24 | ജാൻസി ഷിജു |
| 200000 | 21.11.23 | ദെല്ലി ചന്ദ്രൻ |
| 350000 | 5.08.24 | സിന്ധു മുത്തേടത്ത് |
| 340000 | 24.03.24 | സുനിത രാജൻ |
| 365000 | 24.03.24 | ബിനി മനോജ് |
| 300000 | 14.08.24 | ചന്ദ്രിക വാസുദേവൻ |
| 200000 | 27.06.24 | പ്രദീഷ് കെ.സി |
| 65000 | 24.03.24 | ആശ സുരേഷ് |

കരാറിലേർപ്പെട്ട് 6 മാസത്തിനകം പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണം പൂർത്തീകരിക്കാമെന്ന് കരാറിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിലും ആയത് പാലിക്കാനായിട്ടില്ല. സർക്കാർ ധനസഹായം വേണ്ടരീതിയിൽ വിനിയോഗിക്കപ്പെടുന്നുവെന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണം 19/3.09.2024

## 1-26 വെബ് സാംഖ്യ സോഫ്റ്റ്‌വെയറിന്റെ അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണം നടത്തിയ 38/24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പ്രോജക്ടിൽ രണ്ട് വിദ്യാർത്ഥികളുടെ തുക (30000+20000) ഇവരുടെ ബാങ്ക് അക്കൗണ്ടിൽ ക്രെഡിറ്റ് ആകാതെ സസ്പെൻസ് അക്കൗണ്ടിൽ പോയി. സർക്കാരിലേയ്ക്ക് തിരികെ പോയ തുക, പുനരനുവദിച്ച ധനകാര്യ വകുപ്പിന്റെ ഉത്തരവ് (സ.ഉ (സാധാ) നം. 2734/2024/ധനം തി.21.03.2024) പ്രകാരം പുതിയ പ്രോജക്ട് വച്ച് തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേയ്ക്ക് നൽകി.

പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് | ഫണ്ടിനം | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 38/24 എസ്.സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | വികസന ഫണ്ട് (എസ്.സി.പി) | 365000 | 365000 (യഥാർത്ഥ ചെലവ് 315000) |
| 2 | 267/24 എസ്.സി.പി ഫണ്ടിൽ നിന്നും ട്രാൻസ്ഫർ ക്രെഡിറ്റാകാത്ത തുക തിരികെ അനുവദിക്കൽ | വികസന ഫണ്ട് (എസ്.സി.പി) | 50000 | 50000 |

രണ്ട് പ്രോജക്ടിലും ചെലവ് ബുക്ക് ചെയ്തതിനാൽ സുലേഖ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം യഥാർത്ഥ ചെലവിനേക്കാൾ 50000 രൂപ അധിക ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്രമ നമ്പർ 2 പ്രോജക്ടിൽ ട്രഷറി ബിൽ പാസായശേഷവും ഗുണഭോക്താവിന്റെ അക്കൗണ്ടിൽ തുക ക്രെഡിറ്റ് ആകാത്തതിനാൽ നിർവഹണ ഉദ്യോഗസ്ഥൻ വെബ് സാംഖ്യയിലെ 'ട്രഷറി ബിൽ പാസ്സാക്കുകയും, ഐ.എഫ്.സി, അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റ് കാരണം തുക ലഭിക്കാതിരിക്കുകയും ചെയ്താൽ' തിരുത്തുന്നതിനുള്ള ഓപ്ഷൻ വഴി നിർവഹണ ഉദ്യോഗസ്ഥൻ ഗുണഭോക്താവിന്റെ മറ്റൊരു അക്കൗണ്ടിലേയ്ക്ക് തുക ട്രാൻഫർ ചെയ്തു നൽകി.

മേൽ ഫയൽ പരിശോധിച്ചതിൽ നിന്നും വെബ് സാംഖ്യയിൽ തുക അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്ന സംവിധാനത്തിൽ അപാകതയുള്ളതായി കാണുന്നു.

ഐ.കെ.എം.-ന്റെ വെബ് സാംഖ്യ സോഫ്റ്റ്‌വെയറിൽ ട്രഷറി പാസ്സാക്കിയ (പേയ്മെന്റ് ഓർഡർ ആക്കിയ) ബില്ലിലെ എല്ലാ ട്രാൻസാക്ഷനുകൾക്കും UTR ജനറേറ്റ് ചെയ്യപ്പെടുന്നതാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക പോയില്ലെങ്കിലും, സസ്പെൻസ് അക്കൗണ്ടിലേയ്ക്ക് പോകുന്ന തുകയ്ക്കും UTR ജനറേറ്റ് ചെയ്യപ്പെടുന്നതാണ്. ഈ തുകകൾ ചെലവായതായി സുലേഖ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിലും വെബ് സാംഖ്യയിലും രേഖപ്പെടുത്തുന്നു.

ഉദാഹരണമായി അക്കൗണ്ട് നമ്പറിൽ ഒരു ഡിജിറ്റ് കുറവായതിനാൽ തുക ഗുണഭോക്താവിന്റെ അക്കൗണ്ടിൽ പോകാതെ സർക്കാരിലേയ്ക്ക് പോയതിന് വെബ് സാംഖ്യയിൽ UTR ജനറേറ്റ് ചെയ്തു.


Kadukutty Grama Panchayat

| | |
|---|---|
| Project No. & Date | 38 Scholarship for S.C Students |
| DPC No. & Date | 940/2023/R02/DPM 28/03/2023 |
| Implementing Officer | Usha P R Asst Secretary, Grama Panchayat |
| DDO Code | 2304520024 |
| Requisition No & Date | 5079819601230089 08/11/2023 |
| Allotment No & Date | 260 08/11/2023 |
| Bill No & Date | 341 08/11/2023 |
| Bill Reference No & Date | 232304520024007 59755 08/11/2023 |
| Fund | Development Fund - Special Component Plan |
| Treasury | 2304 Sub Treasury, Chalakudy |
| Treasury Counter Date | 2023-11-13 |
| Treasury Reference No | 232304000000013253 |
| Treasury Accounting Date | 2023-11-14 |

Payment Details

| | |
|---|---|
| Name | Abhiram Hari |
| House Name | Karamelathuparambil House |
| Aadhar / Tax No | 536700010213 |
| Bank / Treasury | Canara Bank ( CNRB0000708 ) |
| Account No | 0708127003 00 |
| UTR No | RBI319233015 02725 |
| Amount | 30000.00 |

പിന്നീട് പുതിയ പ്രോജക്ടു (267/24) പ്രകാരം തുക (യഥാർത്ഥ ചെലവ്) നൽകിയപ്പോൾ വെബ് സാംഖ്യയിൽ UTR ജനറേറ്റ് ചെയ്തു.



വെബ് സാംഖ്യയിൽ ഗുണഭോക്താവിന്റെ ആധാർ നമ്പർ വച്ച് പരിശോധിക്കുമ്പോൾ രണ്ട് പ്രോജക്ടിലൂടേയും ഗുണഭോക്താവിന് തുക കിട്ടിയതായി കാണിക്കുന്നു.



ട്രഷറി ബിൽ പാസ്സാക്കിയതിനുശേഷം , ഐ.എഫ്.സി, അക്കൗണ്ട് നമ്പർ എന്നിവയിലെ തെറ്റുകൾ കാരണം തുക ഗുണഭോക്താക്കൾക്ക് ലഭിക്കാതിരുന്നാൽ തിരുത്തുന്നതിനുള്ള ഓപ്ഷൻ ഓരോ ഇംപ്ലിമെന്റിംഗ്

ഓഫീസർക്കും വെബ്ബാംഖ്യയിൽ ലഭ്യമാണ്. ഇപ്രകാരം അക്കൗണ്ട് കറക്ഷൻ വരുത്തി നിർവഹണ ഉദ്യോഗസ്ഥന് തുക കൈമാറാനാകും. ടി ട്രാൻസാക്ഷന്റെ UTR വെബ് സാംഖ്യയിൽ ലഭ്യമല്ല. വെബ് സാംഖ്യയിൽ ട്രാൻസാക്ഷനായി രേഖപ്പെടുത്തി കാണുന്നത് തെറ്റ് തിരുത്തിയ അക്കൗണ്ട് നമ്പറല്ല മറിച്ച് ട്രഷറി പാസാക്കിയ ബില്ലിലെ അക്കൗണ്ട് നമ്പറാണ്. ടി ഓപ്ഷൻ വഴി തുക മറ്റൊരു അക്കൗണ്ടിലേയ്ക്ക് മാറ്റുന്നത് നിരീക്ഷിക്കപ്പെടാനാകാതെ വരുന്നു.

മറ്റൊരു ഗുണഭോക്താവിന്റെ കാര്യത്തിൽ , 38/24 പ്രോജക്ടിൽ ട്രഷറി ബിൽ പാസ്സാക്കിയതിനെ തുടർന്ന് ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻഫറായില്ലെങ്കിലും (ആക്ടീവ് അല്ലാത്ത അക്കൗണ്ട് ആയതിനാൽ) വെബ് സാംഖ്യയിൽ UTR ജനറേറ്റ് ചെയ്തു.



267/24 പ്രോജക്ടിൽ ബിൽ പാസായതിനുശേഷം ഗുണഭോക്താവിന്റെ എസ്.ഐ.ബി അക്കൗണ്ടിൽ തുക ക്രെഡിറ്റാകാത്തതിനാൽ , ട്രഷറി ബിൽ പാസ്സാക്കിയതിന് ശേഷം അക്കൗണ്ടിലെ തെറ്റ് തിരുത്താനുള്ള ഓപ്ഷൻ വഴി ഗുണഭോക്താവിന്റെ മറ്റൊരു ബാങ്ക് അക്കൗണ്ടിലേയ്ക്ക് ( CANARA Bank) തുക നൽകി. എന്നാൽ വെബ് സാംഖ്യയിൽ UTR ജനറേറ്റ് ചെയ്തത് എസ്.ഐ.ബി. അക്കൗണ്ടിന്റേതാണ്. ഗുണഭോക്താവിന്റെ അക്കൗണ്ടിലേയ്ക്ക് തുക ട്രാൻസ്ഫർ ചെയ്തതിന്റെ UTR വിവരം വെബ് സാംഖ്യയിൽ ലഭ്യമല്ല.





വെബ് സാംഖ്യയിൽ ഗുണഭോക്താവിന്റെ ആധാർ നമ്പർ വച്ച് പരിശോധിക്കുമ്പോൾ രണ്ട് പ്രോജക്ടിലും ഗുണഭോക്താവിന് തുക കിട്ടിയതായി കാണിക്കുന്നു. യഥാർത്ഥ അക്കൗണ്ടിലേയ്ക്ക് തുക പോയതിന്റെ വിവരം വെബ്ബാംഖ്യയിൽ ലഭ്യമല്ല. ഇപ്രകാരം തിരുത്തൽ എൻട്രി വഴി മാറ്റപ്പെടുന്ന അക്കൗണ്ടുകൾ നിരീക്ഷിക്കുന്നതിനുള്ള സംവിധാനം സ്ഥാപനത്തിൽ ഉണ്ടാകേണ്ടതും മേലാധികാരികൾ ആയത് ഉറപ്പാക്കേണ്ടതുമാണ്.



ബാങ്ക് അക്കൗണ്ട് ആക്ടീവ് അല്ലാതിരിക്കുകയോ അക്കൗണ്ട് നമ്പറിൽ ഒരു ഡിജിറ്റ് കുറഞ്ഞുപോയാലോ തുക ട്രാൻഫറാകാതെ സസ്പെൻസ് അക്കൗണ്ടിലേയ്ക്ക് പോകുന്നു. ടി തുകകൾ വെബ്ബാംഖ്യയിലെ തെറ്റ് തിരുത്തുന്നതിനുള്ള ഓപ്ഷൻ വഴി മറ്റൊരു അക്കൗണ്ടിലേയ്ക്ക് മാറ്റാനാകും. ഇപ്രകാരം മാറ്റപ്പെടുന്ന തുകയുടെ വിവരം വെബ്ബാംഖ്യയിലെ റിപ്പോർട്ടുകളിൽ ചേർക്കപ്പെടാതെ ഇരിക്കുന്നത് സോഫ്റ്റ്‌വെയറിൽ വന്നിട്ടുള്ള ഗുരുതരമായ വീഴ്ചയായി കാണുന്നു. ഇപ്രകാരം തുക ട്രാൻസ്ഫർ ചെയ്യുന്നത്, തുക കൈമാറുന്ന സംവിധാനത്തിലെ അപായ സാധ്യത വർദ്ധിപ്പിക്കുന്നു. ഫണ്ട് ട്രാൻസാക്ഷൻ സംവിധാനം സുതാര്യമാകുന്നതിനും സോഫ്റ്റ്‌വെയറിലെ അപാകതകൾ പരിഹരിക്കപ്പെടുന്നതിനും ടി വിഷയം ഐ.കെ.എം ന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

സോഫ്റ്റ്‌വെയർ സംവിധാനത്തിലെ വീഴ്ചമൂലം സർക്കാർ ധനം ദുർവിനിയോഗം ചെയ്യപ്പെട്ടുവോയെന്ന് പരിശോധിക്കപ്പെടേണ്ടതും നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-27 വില്ലേജോഫീസിന്റെ കറന്റ് ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മിനി സ്റ്റേഷനിൽ പ്രവർത്തിക്കുന്ന കാടുകുറ്റി വില്ലേജോഫീസിന്റെ കറന്റ് ചാർജ് പഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നാണ് ഒടുക്കി വരുന്നത്. 2023-24 വർഷത്തിൽ ഈയിനത്തിൽ ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | മാസം | വൗച്ചർ നമ്പർ/തീയതി | തുക |
|---|---|---|---|
| 1 | 04/23 | 22300070/19.04.2023 | 1238 |
| 2 | 07/23 | 22300384/05.07.2023 | 821 |
| 3 | 08/23 | 22300514/09.08.2023 | 1163 |
| 4 | 10/23 | 22300711/26.10.2023 | 1252 |
| 5 | 12/23 | 22300963/16.12.2023 | 1252 |
| 6 | 02/24 | 22301186/12.02.2024 | 1375 |

എന്നാൽ റവന്യൂ വകുപ്പിന് കീഴിൽ വരുന്നതും പഞ്ചായത്തിന് കൈമാറി കിട്ടിയിട്ടില്ലാത്തതുമായ സ്ഥാപനത്തിന്റെ കറന്റ് ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് അടവാക്കുന്നത് ഒഴിവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം 14/02-09-2024) മറുപടിയായി അടവാക്കിയ തുക തിരികെ ആവശ്യപ്പെട്ടുകൊണ്ട് വില്ലേജാഫീസർക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ഇനി മുതൽ വില്ലേജാഫീസിന്റെ കറന്റ് ചാർജ് അടവാക്കുന്നതല്ലായെന്നും സെക്രട്ടറി അറിയിച്ചിട്ടുണ്ട്. തുക തിരികെ ഈടാക്കി ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതും ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 1-28 ഔദ്യോഗിക വാഹനത്തിന്റെ ഉപയോഗം- പോരായ്മകൾ

കാടുകുറ്റി ഗ്രാമപഞ്ചായത്തിൽ ഉപയോഗത്തിലിരിക്കുന്ന KL-64-G-7578 മഹീന്ദ്ര സ്കോർപ്പിയോ വാഹനത്തിന്റെ ലോഗ് ബുക്ക് പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) വാഹനത്തിന്റെ ഇന്ധനക്ഷമതാ പരിശോധന നടത്തിയിട്ടില്ല.

2) 2/8/08 തിയ്യതിയിലെ 41/2008/ഫിൻ നമ്പർ സർക്കുലറിൽ നിർദേശിക്കും പ്രകാരമുള്ള വാഹന ഉപയോഗത്തെ കുറിച്ചുള്ള പ്രതിമാസ സംക്ഷിപ്തം ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

3) വാഹനത്തിൽ ഇന്ധനം നിറക്കുന്ന സമയത്തെ കിലോമീറ്റർ റീഡിങ്ങ് ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല. ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥൻ അത് സംബന്ധിച്ച സാക്ഷ്യപ്പെടുത്തലുകൾ വരുത്തുന്നില്ല. റിപ്പയർ, സർവ്വീസ് എന്നിവ ലോഗ് ബുക്കിൽ രേഖപ്പെടുത്തുന്നില്ല.

പഞ്ചായത്തിന്റെ ഔദ്യോഗിക വാഹനത്തിന്റെ പരിപാലനത്തിൽ 30/06/07 തിയ്യതിയിലെ സ. ഉ(എം എസ്) നം. 170/07/ത.സ്വ.ഭ.വ പ്രകാരമുള്ള നിർദേശങ്ങൾ പാലിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം. 23/03.09.2024)

## 1-29 എം ബുക്കിൽ അളവ് രേഖപ്പെടുത്തിയതിലെ അപാകത – കരാറുകാരന് കൂടുതൽ തുകയനുവദിച്ചു.

| | |
|---|---|
| പ്രോജക്ട് നം/പേര് | എസ്-186/24, കാതിക്കുടം കുടുംബാരോഗ്യകേന്ദ്രം പുനരുദ്ധാരണം ( സ്പിൽ ഓവർ) |
| പ്രോജക്ട് അടങ്കൽ | 6,86,160 (ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ചെലവു തുക | 6,50,958 (ഫസ്റ്റ് & ഫൈനൽ ബിൽ) |
| വൗച്ചർ നം/ തീയതി | 223001245/26.02.2024- 3,00,000 രൂ,<br>223001392/25.03.2024- 1,20,146രൂ,<br>223001460/30.03.2024- 2,30,812 രൂ |
| കരാറുകാരന്റെ പേര് | ജിജി കെ.എസ്. |
| എഗ്രിമെന്റ് നം/തീയതി | 43/AE/LSGD/KDY/ 22022-23 തീ. 29.03.2023 |
| നിർവ്വഹണോദ്യഗസ്ഥൻ | അസിസ്റ്റന്റ് എഞ്ചിനീയർ |

മേൽ സൂചിപ്പിച്ച പ്രവർത്തിയുടെ ഇ- മെഷർമെന്റ് ബുക്കിൽ 49 ക്രമനമ്പറായി രേഖപ്പെടുത്തിയിട്ടുള്ള 5.22.6 ഇനമായ സ്റ്റീൽ റീ ഇൻഫോഴ്സ്മെന്റിനായി Fe- 500D ഗ്രേഡിലുള്ള TMT സ്റ്റീൽ ബാറുകൾ വിതരണം ചെയ്യുക എന്നയിനം പ്രവൃത്തിയിൽ, TMT സ്റ്റീൽ ബാറുകളുടെ തൂക്കം തെറ്റായി രേഖപ്പെടുത്തിയത് മൂലം ആകെ വിതരണം ചെയ്ത TMT സ്റ്റീൽ ബാറുകളുടെ തൂക്കത്തിൽ വ്യത്യാസം വന്നിട്ടുണ്ട്. ഇതുമൂലം അർഹമായതിലുമധികം തുക കരാറുകാരന് നൽകാനിട വന്നിട്ടുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ഈയിനത്തിൽ അനുവദിച്ച അളവുകൾ താഴെ കാണും പ്രകാരമാണ്.

| ഐറ്റം നം./ ഇനം | എണ്ണം | നീളം (മീറ്റർ) | തൂക്കം/ മീറ്റർ | ആകെ അളവ് (കി.ഗ്രാം) |
|---|---|---|---|---|
| 12 Mm സ്റ്റീൽ ബാർ | 4 | 7 | 1.578 | 44.184 |
| 12 Mm സ്റ്റീൽ ബാർ | 4 | 7.30 | 1.578 | 46.078 |
| ആകെ | | | | 90.262 |

എന്നാൽ ഈയിനത്തിൽ അർഹമായ അളവുകൾ ചുവടെ ചേർക്കുന്നു.

| ഐറ്റം നം./ ഇനം | എണ്ണം | നീളം (മീറ്റർ) | തൂക്കം/ മീറ്റർ | ആകെ അളവ് (കി.ഗ്രാം) |
|---|---|---|---|---|
| 12 Mm സ്റ്റീൽ ബാർ | 4 | 7 | 0.888 | 24.864 |
| 12 Mm സ്റ്റീൽ ബാർ | 4 | 7.30 | 0.888 | 25.929 |
| ആകെ | | | | 50.793 |

ഈയിനത്തിൽ ആകെ കൂടുതൽ അനുവദിച്ച അളവ് = 39.468(90.262- 50.793)

കരാറുകാരന് അധികമനുവദിച്ച തുക = 3710 (39.468x@ 94/Kg)

GST ഇനത്തിൽ അധികം നൽകിയ തുക = 668 (18%)

ആകെ അധികമനുവദിച്ച തുക = 4378

കരാറുകാരന് അധികം അനുവദിച്ച 4378രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ലെന്നറിയിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 12/02.09.2024) മറുപടിയായി കരാറുകാരനിൽ നിന്ന് ഈ തുക തിരികെ ഈടാക്കിയതായി അസി. എഞ്ചിനീയർ അറിയിച്ചു (രശീതി നം.1240101068/G081601തീ.03.09.2024).

**<u>1-30 മരാമത്ത് പണി-താഴ്ന്ന നിരക്കിലുള്ള ടെണ്ടറുകൾ റദ്ദുചെയ്ത് റീ ടെണ്ടർ നടത്തി-പഞ്ചായത്ത് ഫണ്ടിന് 3,57,601 രൂപ നഷ്ടം</u>**

കാടുകുറ്റി ഗ്രാമപഞ്ചായത്തിലെ 2023-24 സാമ്പത്തിക വർഷത്തിലെ വാർഷിക പദ്ധതിയിലുൾപ്പെടുന്ന പതിനാല് മരാമത്ത് പ്രവൃത്തികൾക്കായി 24.08.2023- ൽ ഇ-ടെണ്ടർ നടത്തുകയുണ്ടായി. (ടെണ്ടർ നോട്ടീസ് നമ്പർ 01/2023/AE/LID&EW തീയതി 09.08.2023). ഈ ടെണ്ടർ നടപടിക്രമങ്ങളിൽ മിക്ക പ്രവൃത്തികളും എസ്റ്റിമേറ്റ് PAC-യേക്കാളും 10%-ലുമധികം കുറഞ്ഞ നിരക്കിലാണ് ക്വാട്ട് ചെയ്യപ്പെട്ടിരുന്നത്. എന്നാൽ എസ്റ്റിമേറ്റ് PAC-യേക്കാളും 10%-ലുമധികം കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ അംഗീകരിച്ചാൽ പ്രവൃത്തിയുടെ ക്വാളിറ്റിയെ ബാധിക്കുമെന്ന വിലയിരുത്തൽ നടത്തി അത്തരം ടെണ്ടറുകൾ റദ്ദ്ചെയ്ത് റീ- ടെണ്ടർ ചെയ്യുന്നതിന് 26.08.2023-ന് ചേർന്ന പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനമെടുത്തു. (തീരുമാനം നമ്പർ 1 (I)). എസ്റ്റിമേറ്റ് PAC-യേക്കാളും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ റദ്ദുചെയ്താൽ അത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം വരുത്തുമെന്ന് സെക്രട്ടറി പഞ്ചായത്ത് കമ്മിറ്റിയെ അറിയിച്ചതായി പ്രസ്തുത കമ്മിറ്റി തീരുമാനത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ നിർവഹണോദ്യഗസ്ഥയായ അസി. എഞ്ചിനീയർ 04.09.2023-ലെ കത്ത് പ്രകാരം എസ്റ്റിമേറ്റ് PAC-യേക്കാളും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ടെണ്ടറുകൾ റദ്ദുചെയ്താലുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തെപ്പറ്റിയും ആ നഷ്ടത്തിന് താൻ ഉത്തരവാദിയായിരിക്കില്ല എന്ന വിവരവും പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിരുന്നു. എന്നിട്ടും പഞ്ചായത്ത് കമ്മിറ്റി ടെണ്ടറുകൾ റദ്ദ്ചെയ്ത് റീ- ടെണ്ടർ ചെയ്യുന്നതിനുള്ള തീരുമാനവുമായി മുന്നോട്ട് പോകുകയാണുണ്ടായത് (റീ ടെണ്ടർ നോട്ടീസ് നം. 02/2023/AE/LID&EW/KDY തീയതി 05.09.2023). 18.09.2023, 20.09.2023 തീയതികളിലായി നടന്ന റീ ടെണ്ടറിൽ പ്രസ്തുത പ്രവൃത്തികൾക്ക് ക്വാട്ട് ചെയ്ത താഴ്ന്ന നിരക്ക് മുൻ ടെണ്ടറിലെ താഴ്ന്ന നിരക്കിനേക്കാളും ഉയർന്നതായിരുന്നു. ആയതിനാൽ റീ ടെണ്ടർ മൂലം പഞ്ചായത്ത് ഫണ്ടിന് നഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വിലയിരുത്താവുന്നതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്റ്റ് നമ്പർ/ പേര് | എസ്റ്റിമേറ്റ് PAC | 24.08.2023- ലെ ടെണ്ടറിലെ താഴ്ന്ന നിരക്ക് (ടാബുലേഷൻ ഷീറ്റ് പ്രകാരം) | താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ | 18.09.2023 /20.09.2023 -ലെ റീ ടെണ്ടറിലെ താഴ്ന്ന നിരക്ക് (ടാബുലേഷൻ | താഴ്ന്ന നിരക്ക് രേഖപ്പെടുത്തിയ കരാറുകാരൻ | വ്യത്യാസം |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | ഷീറ്റ് (പ്രകാരം) | | |
| 1 | 90/24- വാളൂർ മൃഗാശുപത്രി അറ്റകുറ്റപണി | 3,38,969 | 2,71,110.74 | റോബിൻ ജോസ് | 3,29,820.75 | ഫ്രാൻസിസ് പിൻഹീറോ | 58,710.01 |
| 2 | 91/24- മിനി സിവിൽസ്റ്റേഷന്റെ രണ്ടാം നിലയിൽ ടോയിലെറ്റ് നിർമ്മാണം | 2,06,121 | 1,61,721.97 | സിൽവി റോച്ച | 2,03,722.75 | ജെഫ്റിൻ പിൻഹീറോ | 42,000.78 |
| 3 | 97/24- മൂഴിക്കക്കടവ്-വട്ടക്കോട്ട ലിങ്ക് റോഡ് പുനരുദ്ധാരണം | 3,46,926 | 2,89,538.40 | ജോസഫ് കെ. പി | 3,41,022.50 | എം കെ തോമസ് | 51,484.10 |
| 4 | 113/24-കുളത്തായി റോഡ് പുനരുദ്ധാരണം | 3,81,214 | 3,19,657.90 | ജോസഫ് കെ. പി | 3,78,164.06 | മറ്റത്തൂർ ലേബർ കോൺട്രാക്ടിംഗ് സൊസൈറ്റി | 58,506.16 |
| 5 | 117/24- കുലയിടം റോഡ്-സെക്കന്റ് റീച്ച്-പുനരുദ്ധാരണം | 5,92,636 | 5,14,577.10 | ജോസഫ് കെ. പി | 5,55,296.60 | ലിയോൺ | 40,719.50 |
